75

# മുള്ളിനെതിരെ ഉതക്കൽ

## (25:13- 26:32)

കർത്താവ് പൗലൊസിന് ദമസ്ക്കൊസിലേക്കുള്ള വഴിയിൽ പ്രത്യക്ഷനായപ്പോൾ, അവൻ പറഞ്ഞു, "മുള്ളിന്റെ നേരെ ഉതക്കുന്നത് നിനക്കു വിഷമം ആകുന്നു" (26:14). അക്കാലത്തു അറിയ - പ്പെട്ടിരുന്ന ഒരു കാർഷിക ഉപയോഗമാണ് കർത്താവു നടത്തിയത്, ഇന്നും കൃഷിക്കാർക്കു അതു സുപരിചിതമാണ്.[1] മുള്ള് സാധാരണ ഒരു വടി ആറു മുതൽ എട്ട് അടി വരെ നീളം ഉള്ളതായിരുന്നു, ഒരറ്റത്ത് മുനയുള്ളതുമാണ്. ഒരു - പിടിയുള്ള കലപ്പകൊണ്ട് കർഷകൻ ഉഴുമ്പോൾ, മറ്റെ കയ്യിൽ മുള്ളു വടിപിടിക്കും. ആ വടി കൊണ്ട്, കാളയുടെ വേഗത കൂട്ടുവാനും വശം തിരിക്കുവാനും ഉപയോഗിക്കും. ചിലപ്പോൾ, വശമില്ലാത്ത കാളയാണെങ്കിൽ കൃഷിക്കാരൻ അടിക്കുമ്പോൾ കൃഷിക്കാരനെ പുറകിലേക്കു ചവിട്ടും, പക്ഷെ അതു കാളെക്കു മുമ്പിലത്തേതിനേക്കാളും - കടുത്ത അടി കിട്ടുകയേ ഉള്ളു. മുള്ളിനെതിരെ ഉതകുന്നതു വിഷമം *ആയിരുന്നു*!

''മുള്ളിനെതിരെ ഉതക്കൽ'' എന്ന പ്രയോഗം യവനന്മാരും ലത്തിൻകാരും ഉപയോഗിച്ചത് സൂചിപ്പിക്കുന്നതു അവരുടെ "മുള്ളുകളുടെ" ഇഷ്ടത്തിനു വിരുദ്ധമായി പോരാടുക എന്നാണ്. പൗലൊസിനു, ആ വാക്കുകൾ സത്യദൈവത്തിനെതിരായി പ്രവർത്തിക്കുന്ന ഒരു കുറ്റാരോപണം ആയിരുന്നു. പൗലൊസ് വേറൊരു വഴിക്കു പോകുവാനാണ് യെഹോവ ആഗ്രഹിച്ചത്, എന്നാൽ തന്റെ ജീവന് ദൈവ പദ്ധതി ഉപയോഗിച്ചു വന്നു - അതു അവനു വിഷമമായിരുന്നു!

ഇപ്പോൾ, നാം പൗലൊസിനെ ദൈവം അതിശയകരമായി എവിടെനിന്ന് പിടിച്ചോ ആ ദിശയിലേക്ക് എങ്ങനെ "പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നു"[2] എന്നു കാണാം - പൗലൊസിന്റെ സംഭവത്തിൽ എങ്ങനെ "മുള്ള്" ഒരു രാജകീയ ശ്രോതാവ് ആത്മീയയാഥാർത്ഥ്യത്തെ നേരിടുന്നു എന്നും കാണും. നിങ്ങൾ വായിക്കുമ്പോൾ ശ്രദ്ധിക്കുക: ദൈവം ഈ പാതയിൽ *നിങ്ങളേയും* മുള്ളു കൊണ്ട് നയിച്ചേക്കാം (ഒരു *ആവേശകരമായ*, എന്നാൽ *അപകടകരമായ* ദിശയിൽ) നിങ്ങൾ പ്രതീ

ക്ഷിക്കാത്തതായ വഴിയിലേക്ക്!

**സാഹചര്യം (25:13-26:1)**

കൈസര്യയിലെ സാഹചര്യം നമുക്കു ഒന്നു പുനഃരവലോകനം നടത്താം. പല ദിവസങ്ങൾക്കുമുമ്പ്, യുവരാജാവായിരുന്ന അഗ്രി പ്പാവും[3] അവന്റെ സഹോദരി ബർന്നീക്കയും യെഹൂദ്യയിലെ പുതിയ ദേശാധി പതി, ഫെസ്തൊസിനെ വന്ദനം ചെയ്യാൻ വന്നിരുന്നു (25:13).

തന്റെ അപ്പൻ മരിച്ചപ്പോൾ അഗ്രിപ്പാവിനു പതിനേഴു വയസ്സുപ്രായമേ ഉണ്ടായിരുന്നുള്ളു, അതുകൊണ്ട് അവന്റെ വിസ്തൃതമായ ഭരണ ശൃംഖല അവനു നല്കിയിരുന്നില്ല. മറിച്ച്, കുറെ വർഷങ്ങൾക്കു ശേഷം, പാല സ്തീന്റെ വടക്കുള്ള അപ്രധാനമായ ഒരു പ്രദേശം നല്കിയിരുന്നു. വർഷ ങ്ങൾ കഴിഞ്ഞ്, പുറമെ രാജ്യങ്ങൾ നല്കി, എന്നാൽ അവന്റെ രാജത്വം അവന്റെ പിതാവിന്റേതുമായി ഒത്തു നോക്കിയാൽ അതു വകവെക്കാനി ല്ലാത്ത ഒന്നായിരുന്നു. എങ്ങനെയായാലും, അവനു യെഹൂദ ജനത്തിനിട യിൽ പറയത്തക്ക സ്വാധീനം ഉണ്ടായിരുന്നു. അവനിൽ യെഹൂദ രക്തമുണ്ടായിരുന്നു, റോമ അവനെ യെരുശലേമിലെ ദൈവാലയത്തിന്റെ രക്ഷാധികാരിയും ആയിരുന്നു, മഹാപുരോഹിതനെ നിയമിക്കുവാനുള്ള അവകാശവും അവനുണ്ടായിരുന്നു. എല്ലാ പ്രായോഗിക ഉദ്ദേശങ്ങൾക്കും, അവൻ യെഹൂദ വിശ്വാസത്തിന്റെ ലൗകിക തലയായിരുന്നു അവൻ.

അവൻ ഒരു മാതൃകാ ഹെരോദാവും സ്വയംതൃപ്തിക്കു വേണ്ടി ജീവി ച്ചവനും ആയിരുന്നു. നിയമം വ്യക്തമായി വിലക്കിയതാണ് നിഷിദ്ധസംഗമം എങ്കിലും അവന്റെ സുന്ദരിയായ സഹോദരി, ജൂലിയാ ബർന്നീക്കയുമായി, അവൻ തുറന്ന പാപജീവിതം നയിച്ചതാണ് അവന്റെ ഏറ്റവും കുപ്രസിദ്ധമായ താന്തോന്നിത്തം (ലേവ്യാപുസ്തകം 18:1–18; 20:11–21). പുരാതന എഴുത്തുകാർ, ഈ ബന്ധം "യെഹൂദന്മാരുടേയും ജാതികളുടെയും ഇടയിൽ" പരന്ന അപവാദമായി സൂചിപ്പിച്ചിട്ടുണ്ട്.[4]

ബർന്നീക്ക പതിമൂന്നു വയസ്സു മാത്രം പ്രായമുള്ളപ്പോൾ അവളുടെ അമ്മാവനെ വിവാഹം ചെയ്തു.[5] അവളുടെ ഭർത്താവു മരിച്ചപ്പോൾ, അവൾ വന്നു അവിവാഹിതനായിരുന്ന തന്റെ സഹോദരനോടുകൂടെ ജീവിച്ചു, അവൾ അവന്റെ രാജ്ഞിയായി സേവ ചെയ്തു.[6] ഒരിക്കൽ, അവൾ പുനർവിവാഹം കഴിച്ചു – അതു നിഷിദ്ധ സംഗമം എന്ന കിംവ ദന്തി ഒഴിവാക്കുവാനായിരുന്നു – എന്നാൽ അവൾക്കു അഗ്രിപ്പാവിൽ നിന്നു അകന്നു കഴിയുവാൻ സാധിച്ചില്ല. താമസിക്കാതെ അവൾ ഭർത്താ വിനെ വിട്ടു അഗ്രിപ്പാവിന്റെ അടുക്കലേക്കു മടങ്ങിവന്നു.[7]

കർത്താവിന്റെ വഴിയിലേക്കു മടങ്ങി വരേണ്ട എല്ലാവരിലും, അഗ്രി പ്പാവും ബർന്നീക്കയും മുൻപന്തിയിൽ നില്ക്കേണ്ടവരാണ്! അവർ പല ദിവസം ഫെസ്തൊസിനൊപ്പം ചെലവഴിച്ച ശേഷം, ദേശാധിപതി "... പൗലൊസിന്റെ സംഗതി രാജാവിന്റെ മുമ്പിൽ വെച്ചു, ..." (വാക്യം 14), "നഷ്ടപ്പെട്ടവൻ" എങ്ങനെ മുമ്പോട്ട് പോകും എന്നു അറിഞ്ഞുകാടാത്ത നിലയിലായി (വാക്യം 20). അഗ്രിപ്പാവു പൗലൊസിന്റെ പ്രസംഗം കേൾക്കട്ടെ എന്നു പറഞ്ഞു, ഫെസ്തൊസിനു സന്തോഷമായി (വാക്യം 22).

ഹെരോദാ കുടുംബത്തിലെ രണ്ടു അംഗങ്ങൾ കൊട്ടാരത്തിൽ വന്നിരിക്കുന്ന വിവരം ഒരു പക്ഷെ പൗലൊസിന്റെ ചെവിയിൽ എത്തിയിരിക്കാം. അവർ അവനെ കാണുവാൻ ആഗ്രഹിച്ചതു അവന്റെ തല ഛേദിക്കുവാനായിരിക്കാം എന്നതിൽ അവനു അതിശയം ഒന്നും ഉണ്ടായിരിക്കയില്ല (മത്തായി 14:3–12 നോക്കുക), എന്നാൽ അഗ്രിപ്പാവ് അവന്റെ പ്രസംഗം കേൾപ്പാൻ താല്പര്യപ്പെട്ടതു അവനെ അത്ഭുതപ്പെടുത്തിയേക്കാം! പൗലൊസിന്റെ ആവേശത്തെ ജെ.ഡബ്ലിയു മെക്ഗാർവേ ഇങ്ങനെ ഊഹിച്ചു:

> രക്തം ചിന്തിക്കൊണ്ടിരുന്ന കുടുംബങ്ങളും ക്രിസ്തുവും തമ്മിലുള്ള വിടവ് നികത്തുവാൻ ... അവരിൽ ഒരാൾ പാലമായി തീരാൻ പോകുന്നു എന്നതു വാസ്തവമാകുമോ ... ശരിക്കും സുവിശേഷം കേൾക്കാൻ അവർക്കു താല്പര്യമുണ്ടോ? ... ഒരു ഹെരോദാവിനെ ക്രിസ്തുവിനായി നേടുക എന്നതു അവന്റെ ആത്മാവിനെ ത്രസിച്ചിരിക്കും.[8]

പൗലൊസിനു ആ രാത്രിയിൽ ശരിക്കും ഉറങ്ങികാണാനിടയില്ല. അവസാനം, അഗ്രിപ്പാവിനെ പരിവർത്തനം ചെയ്യുവാനുള്ള ദിവസം പ്രഭാതമായി!

> അതുകൊണ്ട്, പിറ്റെന്നു അഗ്രിപ്പാവ് ബെർന്നീക്കയുമായി, വളരെ ആഡംബരത്തോടെ വന്നു, സഹസ്രാധിപതികളേയും നഗരത്തിലെ പ്രധാനികളോടും കൂടെ വിചാരണ മണ്ഡപത്തിൽ വന്നാറെ, ഫെസ്തൊസിന്റെ കല്പനയാൽ, പൗലൊസിനെ കൊണ്ടുവന്നു (പ്രവൃത്തികൾ 25:23).

നിഷ്ക്കളങ്ക സമ്മതത്തോടെ ഫെസ്തൊസ് നടപടി ക്രമങ്ങൾ ആരംഭിച്ചു:

> ... അഗ്രിപ്പാരാജാവേ, ഇവിടെ വന്നു കൂടിയിരുന്ന സകല പുരുഷന്മാരുമായുള്ളോരേ,[9] യെഹൂദന്മാരുടെ സമൂഹം[10] എല്ലാം യെരുശലേമിലും ഇവിടേയും വെച്ചു, എന്നോടു അപേക്ഷിക്കയും അവനെ ജീവനോടെ വെച്ചേക്കരുതു[11] എന്നു നിലവിളിക്കയും ചെയ്ത ഈ മനുഷ്യനെ നിങ്ങൾ കാണുന്നുവല്ലോ. അവൻ മരണയോഗ്യമായതു ഒന്നും ചെയ്തിട്ടില്ല എന്നു ഞാൻ ഗ്രഹിച്ചു; അവൻ തന്നെയും ചക്രവർത്തിതിരുമനസ്സിനെ അഭയം ചൊല്ലുകയാൽ, അവനെ അയക്കേണം എന്നു വിധിച്ചിരിക്കുന്നു.[12] അവനെക്കുറിച്ചു തിരുമേനിക്കു എഴുതുവാൻ എനിക്കു നിശ്ചയമായതു ഒന്നുമില്ല. അതുകൊണ്ടു വിസ്താരം കഴിഞ്ഞിട്ടു എഴുതുവാൻ വല്ലതും ഉണ്ടാകേണ്ടതിനു, അവനെ നിങ്ങളുടെ മുമ്പിലും വിശേഷാൽ അഗ്രിപ്പാരാജാവേ, തിരുമുമ്പിലും, വരുത്തിയിരിക്കുന്നു. തടവുകാരനെ അയക്കുമ്പോൾ, അവന്റെ പേരിലുള്ള കുറ്റം കാണിക്കാതിരിക്കുന്നതു യുക്തമല്ല എന്നു തോന്നുന്നു (വാക്യങ്ങൾ 24–27).

ദേശാധിപതി പൗലൊസിനെ വിട്ടയക്കാതിരുന്നതാണ് അവന്റെ അബദ്ധ പ്രസ്താവന – പ്രത്യേകിച്ച് "അവൻ മരണയോഗ്യമായ ഒന്നും ചെയ്തി ട്ടില്ല എന്നു ഗ്രഹിച്ചിട്ടും"![13]

സാഹചര്യം ഒരു ഔപചാരിക വിചാരണ അല്ലെങ്കിലും അതു അനൗ പചാരിക വിസ്താരമായിരുന്നു, അതുകൊണ്ട് അഗ്രിപ്പാവുവിചാരിച്ചു പൗലൊസ് പറയുന്നതു കേൾക്കാം, മുഖാമുഖം നടത്തുവാൻ ഫെസ്തൊസ് അഗ്രിപ്പാവിനെ അനുവദിച്ചു. "അഗ്രിപ്പാവു പൗലൊസി നോടു, 'നിന്റെ കാര്യം പറവാൻ അനുവാദമുണ്ട്'" (26:1).

**പ്രസംഗം (26:1-23)**

പൗലൊസ് സംബോധന ചെയ്തു, പ്രസംഗിക്കാൻ നില്ക്കുന്നതു, ലോക പ്രകാരം ഏറ്റവും പ്രധാനപ്പെട്ട സദസ്സിന്റെ മുമ്പിലാണ്. ഞാനാ യിരുന്നെങ്കിൽ എന്റെ ചെരിപ്പിന്റെ വാറുകൾ പോലും വിറെക്കുമായിരു ന്നു, പക്ഷെ പൗലൊസിനു ഒരു കൂസലുമില്ലായിരുന്നു. വെസ്റ്റേൺ ടെക്സ്റ്റ് ചേർത്തിരിക്കുന്നതു "അവൻ പരിശുദ്ധാത്മാവിനാൽ പ്രോത്സാഹിക്ക പ്പെട്ടും, ആത്മവിശ്വാസത്താലും നിന്നു എന്നാണ്" "പിന്നെ പൗലൊസ് കൈ നീട്ടി[14] പ്രതിവാദിച്ചു" (പ്രവൃത്തികൾ 26:1).[15]

തന്റെ സംഗതി രാജാവു കേൾക്കുവാൻ താല്പര്യം കാണിച്ചതിനു അവൻ ആദ്യം സന്തോഷം പ്രകടിപ്പിച്ചു:

> അഗ്രിപ്പാരാജാവേ, യെഹൂദന്മാർ എന്റെ മേൽ ചുമത്തുന്ന എല്ലാ കുറ്റങ്ങളേയും കുറിച്ചു, ഇന്നു തിരുമുമ്പാകെ പ്രതിവാദിപ്പാൻ, ഇട വന്നതുകൊണ്ട്; വിശേഷാൽ നീ യെഹൂദന്മാരുടെ ഇടയിലെ ആചാ രങ്ങളും തർക്കങ്ങളും[16] എല്ലാം അറിയുന്നവൻ ആകയാൽ ഞാൻ ഭാഗ്യവാൻ എന്നു നിരൂപിക്കുന്നു; അതുകൊണ്ട് എന്റെ പ്രതിവാദം ക്ഷമയോടെ കേൾക്കേണം എന്നു അപേക്ഷിക്കുന്നു[17] (വാക്യങ്ങൾ 2, 3).

ഒടുവിൽ അവൻ സാഹചര്യം മനസ്സിലാക്കിയവനും തന്നെ മനസ്സിലാ ക്കുവാൻ കഴിയുന്നവനുമായ ഒരാളുടെ മുമ്പിൽ അവസാനം നില്ക്കു വാൻ കഴിഞ്ഞതുകൊണ്ടാണ് പൗലൊസ് ഭാഗ്യവാൻ എന്നു പറഞ്ഞത്. (പൗലൊസ് മുഖസ്തുതി പറയുകയായിരുന്നില്ല; യെഹൂദമതത്തെക്കു റിച്ചു അഗ്രിപ്പാവിനുള്ള അറിവിനെ പുരാതന എഴുത്തുകാർ ഉറപ്പിക്കു ന്നുണ്ട്.)

രാജാവിന്റെ മുമ്പിൽ നില്ക്കുമ്പോൾ പൗലൊസിനു പറയപ്പെടാത്ത ഒരു ഭാഗ്യം കൂടെയുണ്ട്: അവൻ ഹൃദയപൂർവ്വം അവനെ പരിവർത്തനം ചെയ്യുവാൻ ആഗ്രഹിച്ചു! അഗ്രിപ്പാവിനെ പരിവർത്തനം ചെയ്യാനോ? യാതൊരു തത്വചിന്തയുമില്ലാത്ത ഹെരോദാവിനെ പരിവർത്തനം ചെയ്യാനോ? കഠിന ഹൃദയനും ആഡംബര പ്രിയനും നിഷിദ്ധസംഗമ ത്തിൽ എല്ലാവരുടെയും മുമ്പിൽ ജീവിക്കുന്നവനോ? തീർച്ചയായും ആ നികൃഷ്ഠൻ വീണ്ടെടുപ്പിനുമപ്പുറം ആയിരുന്നു! പൗലൊസ് അങ്ങനെ വിചാരിച്ചില്ല (2 പത്രൊസ് 3:9)!

പൗലൊസിനെ സംബന്ധിച്ചു, അവനു ഒരു ഒറ്റ സദസ്സുണ്ടായിരുന്നു: അഗ്രിപ്പാവ്.[18] പ്രവർത്തികളുടെ പുസ്തകത്തിൽ മറ്റൊരു പ്രസംഗവും ഇത്ര വ്യക്തിപരമല്ല. പൗലൊസ് വീണ്ടും അഗ്രിപ്പാവിനെ പേരെടുത്തു സംബോധനചെയ്യുന്നുണ്ട്, ചെറുതായി "നീ" എന്ന സർവ്വനാമത്താലും, വിളിക്കുന്നു (വാക്യങ്ങൾ 2, 3, 7, 13, 19, 26, 27). പൗലൊസിന്റെ പ്രസംഗത്തിൽ തള്ളൽ അനുമോദിക്കാൻ, മുഖാമുഖമായി നില്ക്കുന്ന രണ്ടു പേരെ സങ്കല്പിക്കുക: ചങ്ങലയിൽ ഉള്ള വൃദ്ധൻ, രാജകീയ വസ്ത്രത്തിലുള്ള യുവാവ്; ആവേശമുള്ള ഉപദേഷ്ടാവ്, ശൂന്യനായ മുടിയൻ; ഒരാൾ യാത്രയുടെ അവസാനവും, മറ്റൊരാൾ യാത്രയുടെ ആരംഭം കുറിക്കാനിരിക്കുന്നു. ഒരു പക്ഷെ പൗലൊസ് തന്നിൽ മുമ്പുണ്ടായിരുന്നതു ചിലതു അവൻ അഗ്രിപ്പാവിൽ കണ്ടിരിക്കാം: യുവാവ്, ധനികൻ, തലക്കനം ഉള്ളവൻ; പൂർണ്ണശക്തൻ എന്നാൽ തെറ്റായ ദിശയിലായിരുന്നു; ന്യായപ്രമാണത്തെ അറിഞ്ഞുകൊണ്ട് അതിന്റെ ഉദ്ദേശത്തിൽ അജ്ഞനായിരുന്നു. പരിശോധിക്കാതെ ക്രിസ്ത്യാനിത്വത്തെ എതിർത്തുവന്നു. അഗ്രിപ്പാവിനെ കണ്ടപ്പോൾ താൻ പരിവർത്തനം ചെയ്തതു ഈ പ്രായത്തിലായിരുന്നു എന്ന ചിന്ത അവനിൽ വന്നിരുന്നോ?[19] എനിക്കറിയില്ല, എന്നാൽ ഇത് എനിക്ക് അറിയാം: പൗലൊസിനു, പകൽ തീരുന്നതിനു മുൻപു, ഒരു വഴിയുണ്ടായിരുന്നതു പോലെ, ഈ യുവരാജാവിനും ക്രിസ്ത്യാനിയാവാൻ കഴിയുമായിരുന്നു (വാക്യങ്ങൾ 28, 29)!

പ്രാരംഭത്തിൽ, പൗലൊസിന്റെ സംഭാഷണം മുഖ്യമായും തന്റെ അനുഭവത്തെക്കുറിച്ച് ആയിരുന്നു. എങ്ങെയായാലും, അവന്റെ വാക്കുകൾ അവനെ പ്രതിരോധിക്കുന്നവ ആയിരുന്നില്ല, എന്നാൽ ഉയിർത്തെഴുന്നേറ്റ കർത്താവിനെ പ്രതിരോധിക്കുന്നവ ആയിരുന്നു (2 കൊരിന്ത്യർ 4:5 നോക്കുക). എങ്കിലും, അവന്റെ അവതരണം നാലും താൻ എന്ന – വ്യക്തിയിൽ കേന്ദ്രീകരിച്ചു ചുരുക്കിപ്പറഞ്ഞു:[20]

### "ഞാൻ ഒരു പരിശനായി ജീവിച്ചു" (26:4-11)

26:4, 5-ൽ താൻ യുവാവായിരുന്നപ്പോൾ യെഹൂദ വിശ്വാസത്തിലെ തന്റെ നടപ്പിനെപറ്റി പറയുന്നുണ്ട്. ഫെസ്തൊസ് പറഞ്ഞതു "എല്ലാ ... യെഹൂദന്മാരും" പൗലൊസിനെ കുറ്റം ചുമത്തി എന്നാണ് (25:24). "എല്ലാ യെഹൂദ [ന്മാരും]" സത്യം പറഞ്ഞിരുന്നെങ്കിൽ, അവനെ കുറ്റപ്പെടുത്തുന്നതിനു പകരം, അവർ അവനെ ശ്ലാഘിക്കുമായിരുന്നു.

> അതുകൊണ്ട്, എന്റെ ജാതിക്കാരുടെ[21] ഇടയിലും യെരുശേലമിലും ആദിമുതൽ ബാല്യം തുടങ്ങിയുള്ള എന്റെ നടപ്പ്, യെഹൂദന്മാർ എല്ലാവരും അറിയുന്നു; ഞാൻ നമ്മുടെ മാർഗ്ഗത്തിൽ സൂക്ഷ്മത ഏറിയ മതഭേദപ്രകാരം പരീശനായി ജീവിച്ചു എന്നു അവർ ആദി മുതൽ അറിയുന്നു, അവർക്കു മനസ്സുണ്ടെങ്കിൽ സാക്ഷ്യം പറയാം (26:4, 5).[22]

പൗലൊസ് തന്റെ പ്രതിരോധത്തിൽ തനിക്കെതിരായ ആരോപണങ്ങളിലേക്കു നേരിട്ടു പ്രതിരോധിക്കാൻ കടന്നില്ല; എന്നാൽ തന്റെ അവ

തരണത്തിൽ താൻ യെഹൂദന്മാരോടു മോശമായി പെരുമാറിയില്ല എന്നു പറഞ്ഞു, ന്യായപ്രമണത്തെ നിന്ദിച്ചില്ല, അല്ലെങ്കിൽ ദൈവാലയത്തെ അശുദ്ധമാക്കിയില്ല. തന്റെ പരീശനായ ജീവിതത്തെ പൗലൊസ് എടുത്തുകൊണ്ട്, പൗലൊസ് പുനരുത്ഥാനത്തെ സംബന്ധിച്ച പിതാക്കന്മാരുടെ പ്രത്യാശയെയും, വചന വാഗ്ദാനത്തിൽ പരീശന്മാരുടെ വിശ്വാസത്തെയും, മരിച്ചവരുടെ പുനരുത്ഥാനത്തിലുള്ള വിശ്വാസത്തെയും അവൻ എടുത്തു കാണിച്ചു (23:6, 8).

> ദൈവത്താൽ നമ്മുടെ പിതാക്കന്മാർക്കു നമ്മുടെ പന്ത്രണ്ടു ഗോത്രങ്ങളും[23] രാപ്പകൽ ശ്രദ്ധയോടെ ആരാധിച്ചു കൊണ്ട് എത്തിപ്പിടിപ്പാൻ ആശിക്കുന്നതും ആയ, വാഗ്ദത്തത്തിലുള്ള പ്രത്യാശ ഹേതുവായിട്ടത്രേ ഞാൻ ഇപ്പോൾ വിസ്താരത്തിൽ ആയിരിക്കുന്നത്; ആ പ്രത്യാശയെച്ചൊല്ലി ആകുന്നു, രാജാവേ, യെഹൂദന്മാർ എന്റെ മേൽകുറ്റം ചുമത്തുന്നത് (വാക്യങ്ങൾ 6, 7).

താൻ വിസ്താരത്തിലായതു മിക്ക യെഹൂദന്മാരും വിശ്വസിക്കുന്നു എന്ന് അവകാശപ്പെടുന്നതു വിശ്വസിക്കുന്നതിനാലാണ് വാസ്തവത്തിൽ വിസ്താരത്തിലായിരിക്കുന്നത് എന്നു പൗലൊസ് പറഞ്ഞു, ആരംഭത്തിൽ "പിതാക്കന്മാരോട് [ഉള്ള] വാഗ്ദാനത്തിലുള്ള പ്രത്യാശ" വരുവാനുള്ള മശിഹാപ്രത്യാശ,[24] അബ്രഹാമിന്റെ "സന്തതി" ആയിരുന്നു (ഉല്പത്തി 12:3; 22:18; ഗലാത്യർ 3:16, 19). കുറെക്കാലം കഴിഞ്ഞപ്പോൾ, ആരംഭ "പ്രത്യാശ" വിപുലപ്പെടുത്തി. പുതിയനിയമകാലത്ത്, യെഹൂദന്മാർ യിസ്രായേലിന്റെ മഹത്വം പുനരേകീകരിക്കാൻ ആഗ്രഹിച്ചു, അത് മശിഹവരുമ്പോൾ നടക്കും എന്നാണ് അവർ വിശ്വസിച്ചത് (ലൂക്കൊസ് 1:67–79; പ്രവൃത്തികൾ 3:20, 21).

പുനരേകീകരണ പ്രത്യാശ പുനരുത്ഥാന പ്രത്യാശയുമായി കൂടിപ്പിണഞ്ഞു കിടന്നിരുന്നു (ലൂക്കൊസ് 7:18–23).[25] ദാനിയേൽ 12:2 പറയുന്നു, "നിലത്തിലെ പൊടിയിൽ നിദ്ര കൊള്ളുന്നവരിൽ പലരും, ചിലർ നിത്യജീവന്നായും, ചിലർ ലജ്ജക്കായും നിത്യനിന്ദക്കുമായി ഉണരും."[26] ലാസർ മരിച്ചപ്പോൾ, സാധാരണ യെഹൂദന്റെ പ്രത്യാശയെക്കുറിച്ചു മാർത്ത സംസാരിച്ചു: "ഒടുക്കത്തെ നാളിലെ പുനരുത്ഥാനത്തിൽ അവൻ [ലാസർ] ഉയിർത്തെഴുന്നേല്ക്കും എന്നു ഞാൻ അറിയുന്നു എന്നവൾ പറഞ്ഞു" (യോഹന്നാൻ 11:24).

പുനരുത്ഥാനം പരീശന്മാരുടെ അടിസ്ഥാന പ്രത്യാശ ആകകൊണ്ടും മറ്റു യെഹൂദന്മാരെല്ലാം ന്യായപ്രമാണത്തെയും പ്രവാചകന്മാരെയും വിശ്വസിക്കകൊണ്ടും,[27] യെഹൂദന്മാർ വിശ്വസിക്കുന്നുവെന്നു അവകാശപ്പെടുന്നതു പ്രസംഗിച്ചതിനാണ് എന്നെ കോടതിയിലേക്കു വലിച്ചിഴച്ചതു അതു തികച്ചും മനസ്സിലാക്കാൻ പറ്റാത്തതാണ്: അതായതു ദൈവം മരിച്ചവരിൽ നിന്നും അവനെ ഉയിർപ്പിച്ചു! അവൻ പറഞ്ഞപ്പോൾ അവന്റെ വാക്കുകളിലെ അത്ഭുതം ഞാൻ കേൾക്കുന്നു, "ആ പ്രത്യാശയെച്ചൊല്ലി ആകുന്നു, രാജാവേ, യെഹൂദന്മാർ എന്റെമേൽ കുറ്റം ചുമത്തുന്നത്" (വാക്യം 7)! എഫ്. എഫ്. ബ്രൂസ് പൗലൊസ് ഉപയോഗിച്ച വാക്കുക

ളിലെ അവന്റെ ആത്മാവിനെ മനസ്സിലാക്കി പറഞ്ഞു: "യെഹൂദന്മാരാൽ, സകല ജനവും."[28]

ഇളക്കികൊണ്ട്, പൗലൊസ് സദസ്സിലെ മറ്റുള്ളവരിലേക്കു തിരിഞ്ഞു: "ദൈവം മരിച്ചവരെ ഉയിർപ്പിക്കുന്നതു വിശ്വാസയോഗ്യമല്ല എന്നു നിങ്ങൾക്കു[29] തോന്നുന്നതു എന്ത്?" (വാക്യം 8). ഒരു പക്ഷെ, പൗലൊസ് തന്റെ വാക്കുകളാലുള്ള മുൾവടി എല്ലാ ദിക്കുകളിലേക്കും ചുഴറ്റിയപ്പോൾ ഒന്നിലധികം പേർ ഇരിപ്പിടങ്ങളിൽ നിന്നു ചാടി എഴുന്നേറ്റുകാണും.

പൗലൊസിന്റെ വാക്കുകൾ അവിടെയുണ്ടായിരുന്ന എല്ലാവരെയും ബാധിക്കുന്നതായിരുന്നു. ജാതികളിൽ മിക്കപേരും ശക്തനായ ദൈവത്തിൽ വിശ്വസിക്കുന്നവരാണ് (അല്ലെങ്കിൽ ഒന്നിലധികം ദേവന്മാരിൽ) ആ ദൈവം ആണ് സകലത്തെയും സൃഷ്ടിച്ചത് (17:24, 25); ലോകത്തെ ഉണ്ടാക്കിയ ദൈവത്തിന്, മരിച്ചവരെ ഉയിർപ്പിക്കാനും കഴിയും എന്നു അവർ വിശ്വസിക്കാത്തതെന്താണ്? പ്രത്യേകിച്ച്, അവന്റെ വാക്കുകൾ അവിടെ ഉണ്ടായിരുന്ന ഏതു യെഹൂദനെയും ബാധിക്കുന്നതായിരുന്നു (അഗ്രിപ്പാവ് അടക്കം): ദൈവം മറ്റുള്ളവരെ ഉയിർപ്പിച്ചുവെങ്കിൽ, പിന്നെ ദൈവം യേശുവിനെ ഉയിർപ്പിച്ചു എന്നകാര്യം അവർക്കു വിശ്വസിക്കാൻ കഴിയാത്തതെന്തുകൊണ്ടാണ്? തീർച്ചയായും, ആളുകൾ തങ്ങളുടെ ജാതിയിൽ പരിമിതപ്പെട്ട്, തങ്ങളുടെ വിവേകത്തിൽ ആശ്രയിക്കുന്നവർക്ക്, അവിശ്വാസനീയമായി തോന്നാം.

സഭക്കു വെല്ലുവിളി നല്കി, ഒരിക്കൽ താനും അവർ ഇരിക്കുന്നിടത്ത് ആയിരുന്നു എന്നു വ്യക്തമാക്കി. ഒരു പരീശനായി, താൻ സൈദ്ധാന്തികമായി മരിച്ചവരുടെ പുനരുത്ഥാനത്തിൽ വിശ്വസിച്ചിരുന്നു, എന്നാൽ യേശു ഉയിർത്തെഴുന്നേറ്റിരിക്കാനുള്ള സാധ്യതയെ തള്ളിക്കളഞ്ഞിരുന്നു:

> അതുകൊണ്ട്, യേശുവിന്റെ നാമത്തിനു വിരോധമായി[30] പലരും പ്രവർത്തിക്കേണം എന്നു ഞാനും നിശ്ചയിച്ചു സത്യം. അതു ഞാൻ യെരുശലേമിൽ ചെയ്തിട്ടുണ്ട്; മഹാപുരോഹിതന്മാരോടു അധികാര പത്രം വാങ്ങി വിശുദ്ധന്മാരിൽ പലരെയും[31] തടവിൽ ആക്കി അടച്ചു, അവരെ നിഗ്രഹിക്കുന്ന സമയം ഞാനും സമ്മതം കൊടുത്തു. ഞാൻ എല്ലാ പള്ളികളിലും അവരെ പലപ്പോഴും ദണ്ഡിപ്പിച്ചുകൊണ്ട്, ദൂഷണം പറവാൻ[32] നിർബ്ബന്ധിക്കയും; അവരുടെ നേരെ അത്യന്തം ഭ്രാന്തുപിടിച്ചു പട്ടണങ്ങളോളവും ചെന്നു, അവരെ ഉപദ്രവിക്കയും ചെയ്തു (26:9–11).[33]

പൗലൊസ് ഒരിക്കൽ ക്രിസ്ത്യാനികളെ എരിവോടെ ഉപദ്രവിച്ചിരുന്നതായി അഗ്രിപ്പാവ് കേട്ടപ്പോൾ അവൻ അതിശയിച്ചുകാണും – തന്റെ സ്വന്തകുടുംബത്തേക്കാൾ – വളരെ കൂടുതലായി. "ആ യുവാവിൽ ആശ്ചര്യമുളവാക്കി ഒരു ചോദ്യം ഉയർത്തുവാൻ ഉദ്ദേശിച്ചുള്ളത് ആയിരുന്നു പൗലൊസിന്റെ വാക്കുകൾ: ഈ ഉപദ്രവകാരിയിൽ എങ്ങനെ ഇത്ര വലിയ മാറ്റം വന്നു?"[34]

**"ഞാൻ ഒരു ... വെളിച്ചം കണ്ടു" (26:12-18)**

തന്റെ ജീവിതത്തിൽ രൂപാന്തര പ്രാപ്തി വരുത്തിയതെന്തായിരുന്നു എന്നു പൗലൊസ് അഗ്രിപ്പാവിനോട് പറഞ്ഞു:

> ഇങ്ങനെ ചെയ്തു വരികയിൽ ഞാൻ മഹാപുരോഹിതന്മാരുടെ അധികാരത്തോടും ആജ്ഞയോടും കൂടെ ദമസ്ക്കൊസിലേക്കു യാത്ര പോകുമ്പോൾ, രാജാവേ, നട്ടുച്ചെക്കു, ഞാൻ വഴിയിൽ വെച്ചു സൂര്യന്റെ പ്രകാശത്തെ കവിഞ്ഞൊരു വെളിച്ചം ആകാശത്തിൽ നിന്നും എന്നെയും എന്നോടുകൂടെ യാത്ര ചെയ്യുന്നവരേയും, ചുറ്റി പ്രകാശിക്കുന്നതു കണ്ടു. ഞങ്ങൾ എല്ലാവരും നിലത്തു വീണപ്പോൾ, ''ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നതു എന്ത്? മുള്ളിന്റെ നേരെ ഉതെക്കുന്നതു നിനക്കു വിഷമം ആകുന്നു" എന്നു, എബ്രായ ഭാഷയിൽ എന്നോടു പറയുന്നോരു ശബ്ദം ഞാൻ കേട്ടു (വാക്യങ്ങൾ 12–14).

പൗലൊസിന്റെ ജീവിതത്തിൽ സംഭവിച്ചതെല്ലാം[35] – പുനരുത്ഥാനത്തിൽ വിശ്വസിക്കുന്ന – പരീശനായി വളർത്തപ്പെട്ടതും – യേശുവിനെ സ്വീകരിക്കുവാൻ കർത്താവ് അവനെ പ്രേരണനല്കി (ഗലാത്യർ 1:15).[36] പൗലൊസ് കഠിനമായി എതിർത്തതു – അവനുതന്നെ ഉപദ്രവവും വേദനയുമായി. അതുപോലെ, അഗ്രിപ്പാവിന്റെ കുടുംബം അറുപതുവർഷമായി "മുള്ളിനെതിരെ ഉതെച്ചുകൊണ്ടിരിക്കുകയായിരുന്നു."[37] രാജാവു സത്യസന്ധനായിരുന്നു എങ്കിൽ, പലപ്പോഴും "പ്രയാസം" ആയതു സമ്മതിക്കുമായിരുന്നു; അവന്റെ അപ്പന്റെ കഠിന വേദനയുളവാക്കുന്ന മരണം സൂചിപ്പിക്കാവുന്ന പോയിന്റാണ്.

പൗലൊസ് തന്റെ പ്രസ്താവന തുടർന്നു: ചുറ്റും മിന്നിയ വെളിച്ചത്തിൽ, വിറെക്കുന്ന ശബ്ദത്തോടെ അവൻ ചോദിച്ചു, "നീ ആരാകുന്നു, കർത്താവേ?" മറുപടി വന്നു, "നീ ഉപദ്രിവിക്കുന്ന യേശു ആകുന്നു" (26:15). ദൈവികമായ മുള്ള് വാളായി മാറി അവന്റെ ഹൃദയത്തിൽ കുത്തി, ശസ്ത്രക്രിയക്കുള്ള കത്തി അവന്റെ ജീവിതത്തിന്റെ ആകൃതി മാറ്റി! ഉയിർത്തെഴുന്നേറ്റ കർത്താവ് അവന്നു കല്പന കൊടുത്തു:

> നീ എന്നെ കണ്ടതിനും, ഇനി ഞാൻ നിനക്കു പ്രത്യക്ഷനാവാനിരിക്കുന്നതിനും; നിന്നെ ശുശ്രൂഷകനും[38] സാക്ഷിയുമായി[39] നിയമിപ്പാൻ ഞാൻ, നിനക്കു പ്രത്യക്ഷനായി; ജനത്തിന്റെയും[40] ജാതികളുടേയും കയ്യിൽ നിന്നു ഞാൻ നിന്നെ രക്ഷിക്കും,[41] അവർക്കു പാപമോചനവും എന്നിലുള്ള വിശ്വാസത്താൽ ശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന്നു, അവരുടെ കണ്ണു തുറപ്പാനും, അവരെ ഇരുട്ടിൽ നിന്നു വെളിച്ചത്തിലേക്കും, സാത്താന്റെ അധികാരത്തിൽ നിന്നു, ദൈവത്തിലേക്കും തിരിപ്പാനും ഞാൻ ഇപ്പോൾ നിന്നെ അവരുടെ അടുക്കൽ അലയുന്നു എന്നു കല്പിച്ചു (വാക്യങ്ങൾ 16–18).

"യേശു നിനക്കു പ്രത്യക്ഷനായി എന്നതിന്റെ വാക്കുകൾ മാത്രമല്ലേയുള്ളൂ," എന്ന് ആരെങ്കിലും എതിർത്താൽ, പൗലൊസിന് ശരിയായ ഉത്തരം ഉണ്ട്: "ഞാൻ യേശുവിനെ കണ്ടില്ലെങ്കിൽ, എന്റെ ജീവിതത്തിനുണ്ടായ മാറ്റം എങ്ങനെ വിശദീകരിക്കും?"[42]

**"ഞാൻ തെളിയിച്ചത് അനുസരണക്കേടല്ല" (26:19, 20)**

ഇപ്പോൾ പൗലൊസ് തന്റെ മുള്ള് യുവരാജാവിന്റെ ഹൃദയത്തിലേക്കു എറിഞ്ഞു: "അതുകൊണ്ട്, അഗ്രിപ്പാവേ, ഞാൻ സ്വർഗ്ഗീയ ദർശനത്തിനു അനുസരണക്കേടു കാണിക്കാതെ ഇരുന്നു" (വാക്യം 19). ചോദ്യം അന്തർലീനമായിരുന്നു "എനിക്ക് എങ്ങനെ മറിച്ചു ചെയ്യുവാൻ കഴിഞ്ഞു?" പൗലൊസിനു എതിരായി ചെയ്യാൻ കഴിയാതിരുന്നതു പോലെ, അഗ്രിപ്പാവിനും കഴിയുന്നതല്ല!

പൗലൊസ് കർത്താവിന്റെ കല്പനകൾക്കു അനുസരണം ഉള്ളവനായിരുന്നു; അവൻ ഉടനെ തന്നെ സ്നാനപ്പെട്ടു (22:16; 9:18). കർത്താവു കൊടുത്ത ദൗത്യത്തിലും അവൻ അനുസരണയുള്ളവനായിത്തീർന്നു:

> [ഞാൻ] ആദ്യം ദമസ്ക്കൊസിലും, യെരുശലേമിലും യെഹൂദ്യദേശത്തെങ്ങും,[43] ഉള്ളവരോടും പിന്നെ ജാതികളോടും, *മാനസാന്തരപ്പെട്ടു* ദൈവത്തിങ്കലേക്കു തിരിഞ്ഞു, *മാനസാന്തരത്തിനു* യോഗ്യമായ പ്രവൃത്തികൾ ചെയ്യേണം എന്നു പ്രസംഗിച്ചു (26:20; എംഫസിസ് മൈൻ).

അനീതിയും ആഗ്രഹം സാധിച്ചു കൊടുക്കുവാനുമായ റോമൻ ദേശാധിപതിയോട് പൗലൊസ് "നീതി" "ഇന്ദ്രിയ – ജയം" എന്നിവ പ്രസംഗിച്ചു (24:25); ഇപ്പോൾ അവൻ പശ്ചാത്താപരഹിതനായ ഒരു യെഹൂദ രാജാവിനോട് മാനസാന്തരം പ്രസംഗിച്ചു.[44] "യെഹൂദന്മാർക്കിടയിലെ ... ആചാരങ്ങളിൽ വൈദഗ്ദ്യം ഉണ്ടായിരുന്ന അംഗീകരിക്കപ്പെട്ടയാൾ" (26:3) ന്യായപ്രമാണം പറഞ്ഞിരിക്കുന്നതു തീർച്ചയായും അറിഞ്ഞിരിക്കും, "ഒരാൾ തന്റെ സഹോദരിയെ പരഗ്രഹിച്ചാൽ, ... അതു ലജ്ജാകരം; അവനെ ജനത്തിൽ നിന്നു സംഗ്രഹിച്ചു കളയേണം ..." (ലേവ്യാ പുസ്തകം 20:17). അങ്ങനെ ചെയ്യുന്നതു അപകടമാണെങ്കിലും, പൗലൊസ് മടികൂടാതെ ചാടി പറഞ്ഞു: "മാനസാന്തരപ്പെട്ട് ദൈവത്തിലേക്കു തിരിച്ചു, മാനസാന്തരത്തിനു യോഗ്യമായ പ്രവൃത്തികൾ ചെയ്യുക" (26:20)!

**"ഞാൻ ഇന്നുവരെ നില്ക്കുന്നു" (26:21-23)**

അഗ്രിപ്പാവ് മാറുകയാണെങ്കിൽ, ക്രിസ്തീയ ജീവിതം എളുപ്പമല്ല എന്നു പൗലൊസ് അവനെ ധരിപ്പിച്ചു. പൗലൊസ് തുടർന്നു: "ഇതു നിമിത്തം [ചിലർ ചാടി – കുറ്റംചുമത്തിയതുകൊണ്ടല്ല, പിന്നെയോ ഞാൻ ന്യായപ്രമാണത്തിനപ്പുറം ജാതികളോടു രക്ഷയെ പ്രസംഗിച്ചതുകൊണ്ടാണ്] യെഹൂദന്മാർ ദൈവാലയത്തിൽ വെച്ചു എന്നെ പിടിച്ചു കൊല്ലുവാൻ ശ്രമിച്ചു" (വാക്യം 21). അതുപോലെ, രാജാവു തന്റെ ജീവിതം

യേശുവിലേക്കു തിരിയുകയാണെങ്കിൽ അവന്റെ സ്നേഹിതന്മാരും തിരിയും.

അത്തരം ഒരു സമർപ്പണം അഗ്രിപ്പാവ് എടുക്കുകയാണെങ്കിൽ കർത്താവു അവനോടുകൂടെ ഇരിക്കും എന്ന് അഗ്രിപ്പാവ് അറിയണമായിരുന്നു. അതുകൊണ്ട് പൗലൊസ് ഉടനെ പറഞ്ഞു, "എന്നാൽ, ദൈവത്തിന്റെ സഹായം ലഭിക്കയാൽ, ഞാൻ ഇന്നുവരെ നില്ക്കുന്നു ..." (വാക്യം 22). യേശു അവനോട് "നില്ക്കുക" എന്നാണ് പറഞ്ഞത് (വാക്യം 16), അവൻ ദൈവസഹായത്താൽ - *തുടർന്നും* നിന്നു. പൗലൊസിനു ലഭിച്ച ശക്തി രാജാവിനും ലഭിക്കും.

കർത്താവിൽ ആശ്രയിച്ചതുകൊണ്ട്, പൗലൊസിനു തന്റെ ദൗത്യം നിർവ്വഹിക്കുവാൻ കഴിഞ്ഞു:

> ... ചെറിയവരോടും വലിയവരോടും സാക്ഷ്യം പറഞ്ഞുപോരുകയും ചെയ്യുന്നു, ക്രിസ്തു കഷ്ടം അനുഭവിക്കയും, മരിച്ചവരുടെ[45] പുനരുത്ഥാനത്തിൽ ആദ്യനായി ജനത്തോടും ജാതികളോടും വെളിച്ചം അറിയിക്കയും ചെയ്യും എന്നു; പ്രവാചകന്മാരും മോശെയും ഭാവികാലത്തെക്കുറിച്ചു പ്രസ്താവിച്ചതൊഴികെ വേറെയൊന്നും ഞാൻ പറയുന്നില്ല (വാക്യങ്ങൾ 22, 23).

പൗലൊസ് ആവർത്തന പുസ്തകം 18 ഉം, യെശയ്യാവ് 53 ഉം ഉദ്ധരിച്ചു, മറ്റു വേദഭാഗങ്ങളും എടുത്തു മശിഹ മരിച്ചു ഉയിർത്തെഴുന്നേല്ക്കേണ്ടതാണെന്നു തെളിയിച്ചും, ആ സുവിശേഷം യെഹൂദന്മാരോടും ജാതികളോടും പ്രസംഗിക്കേണ്ടതാണെന്നും പറഞ്ഞതു എനിക്കു കേൾക്കാൻ കഴിയും. കൂടാതെ, "ഞാൻ ഇന്നു നിങ്ങളോടു ഘോഷിക്കുന്ന ഈ യേശു തന്നെയാണ് ക്രിസ്തു" എന്നു പൗലൊസ് പറയുന്നതു കേൾക്കാം (പ്രവൃത്തികൾ 17:3; എംഫസിസ് മൈൻ)!

യുക്തിപരമായി അടുത്തത് മോശെയും പ്രവാചകന്മാരും എഴുതിയിരിക്കുന്നതു അഗ്രിപ്പാവ് വിശ്വസിക്കുന്നുണ്ടോ എന്ന ചോദ്യമായിരുന്നു ചോദിക്കുവാനുണ്ടായിരുന്നത് (26:27). പക്ഷെ പൗലൊസ് അതു ചോദിക്കുന്നതിനുമുമ്പ്, അവനെ തടസ്സപ്പെടുത്തി.

### തുടർച്ച (26:24-32)

അദ്ധ്യായത്തിന്റെ ആരംഭത്തിൽ നടപടി അഗ്രിപ്പാവിനെ ഏല്പിച്ചിട്ട് ഫെസ്തൊസ് കാഴ്ച്ചക്കു മറഞ്ഞു. എങ്ങനെയായാലും, സ്പഷ്ടമായി, പൗലൊസിന്റെ പ്രസംഗം തുടർന്നപ്പോൾ, അവന്റെ അസഹിഷ്ണുത വർദ്ധിച്ചു. തന്റെ ആദരിക്കപ്പെടേണ്ട അതിഥികളെ പൗലൊസ് വീണ്ടും വീണ്ടും മുള്ളുകൊണ്ടടിക്കുന്നതു കണ്ട്, ദേശാധിപതി വിചാരിച്ചു. ആർ എസ് പി സി എ വിളിക്കാൻ സമയമായി (അഗ്രിപ്പാവിനോടുള്ള ക്രൂരത്വം തടയുന്നതിനുള്ള സമൂഹം).[46] "ഇങ്ങനെ, പ്രതിവാദിക്കലിൽ ഫെസ്തൊസ്, 'പൗലൊസേ, നിനക്ക് ഭ്രാന്തുണ്ട്! വിദ്യാ ബഹുത്വത്താൽ[47] നിനക്കു ഭ്രാന്തു പിടിച്ചിരിക്കുന്നു എന്നു, ഉറക്കെ പറഞ്ഞു'" (വാക്യം 24).

പൊള്ളയായ ഒരു മനുഷ്യനു കാലഘട്ടത്തിന്റെ ഏറ്റവും വലിയ

സത്യത്തെ "ജീവിച്ചിരിക്കുന്നു എന്നു പൗലൊസ് പറയുന്ന ... യേശു, എന്നൊരുവനെക്കുറിച്ചു, ചില തർക്ക സംഗതികൾ" (25:19) എന്നു പറഞ്ഞു തള്ളിക്കളയാൻ കഴിഞ്ഞെങ്കിൽ, ആ വലിയ സത്യത്തെ പിന്താങ്ങുന്നവനെ ഭ്രാന്തൻ എന്നു പറഞ്ഞു തള്ളിക്കളയാൻ കഴിയുമായിരുന്നു.

ഭ്രാന്തുള്ളവനായി പ്രവർത്തിച്ചതു ഫെസ്തൊസ് ആയിരുന്നു. ശാന്തനായി, പൗലൊസ് മറുപടി പറഞ്ഞു: "രാജ ശ്രീ ഫെസ്തോസേ,[48] എനിക്കു ഭ്രാന്തില്ല, ഞാൻ സത്യവും സുബോധവുമായ വാക്കത്രെ സംസാരിക്കുന്നതു" (26:25). യേശുവിനെ സ്വീകരിക്കുന്നതിനുമുമ്പ് പൗലൊസ് ഭ്രാന്തു പിടിച്ചി*രുന്നു* (വാക്യം 11[49]), എന്നാൽ ഇപ്പോൾ അവൻ "സുബോധമുള്ളവൻ ആകുന്നു" (മർക്കൊസ് 5:15).

അപ്പൊസ്തലൻ വീണ്ടും അഗ്രിപ്പാവിലേക്കു തിരിഞ്ഞു: "രാജാവിന്നു ഇതിനെക്കുറിച്ചു അറിവുള്ളതുകൊണ്ടു, അവനോടു ഞാൻ പ്രാഗത്ഭ്യത്തോടെ സംസാരിക്കുന്നു, അവന്നു ഇതൊന്നും മറവായിരിക്കുന്നില്ല എന്നു എനിക്കു നിശ്ചയമുണ്ട്; അതു ഒരു കോണിൽ നടന്നതല്ല" (വാക്യം 26). ക്രിസ്ത്യാനിക്കു രഹസ്യമായ ക്രമം ഒന്നുമില്ല; സുവിശേഷം പുരമുകളിൽ ഘോഷിക്കേണ്ടതാണ് (മത്തായി 10:27). യാദൃശ്ചികമായി അഗ്രിപ്പാവിന്റെ ജനനം യേശുവിന്റെ വ്യക്തിപരമായ ശുശ്രൂഷ സമയത്തായിരുന്നു; അവൻ ശിശുവായിരുന്നപ്പോൾ ശൈശവാഹാരത്തോടൊപ്പം യേശുവിന്റെ കഥകളും കേട്ടിരുന്നു. പൗലൊസ് പറഞ്ഞതെല്ലാം അവനു വിലയിരുത്താമായിരുന്നു. എങ്ങനെയായാലും, അങ്ങനെ ചെയ്തു തടവുകാരന്റെ വശത്തു ചേരുന്നതു അവനെ അസ്ഥിരമായ സ്ഥാനത്തെത്തിക്കും. അതു അതിഥേയനു എതിരാകും. അതുകൊണ്ട് അവൻ നിശബ്ദനായിരുന്നു.

തനിക്കു തെറ്റു പറ്റി എന്നാണ്, തന്റെ നിശബ്ദതയാൽ അഗ്രിപ്പാവു വിചാരിച്ചത് എങ്കിൽ അപ്പൊസ്തലൻ ഊന്നിപ്പറഞ്ഞു: "അഗ്രിപ്പാ രാജാവേ, പ്രവാചകന്മാരെ വിശ്വസിക്കുന്നുവോ? വിശ്വസിക്കുന്നു എന്നു ഞാൻ അറിയുന്നു എന്നു പറഞ്ഞു" (വാക്യം 27). പ്രവാചകന്മാരെ വിശ്വസിക്കുന്നില്ല എന്നു ആ യുവരാജാവു പറഞ്ഞാൽ, അവനു യെഹൂദന്മാരുടെ ബഹുമാനവും പിന്തുണയും നഷ്ടമാകും. അവൻ വിശ്വസിക്കുന്നു എന്നു പറഞ്ഞാൽ, പൗലൊസിന്റെ അടുത്ത ചോദ്യം "ആ പ്രവാചകന്മാർ പറഞ്ഞതു യേശുവിനെയാണെന്നു നീ വിശ്വസിക്കുന്നുവോ?" എന്നായിരിക്കും അവന്റെ അടുത്ത ചോദ്യം. ഇപ്പോൾ അഗ്രിപ്പാവിനു *എന്തെങ്കിലും* പറഞ്ഞേ മതിയാവൂ; അവന്റെ പ്രതികരണത്തിനായി ഹാളിലുണ്ടായിരുന്നവർ എല്ലാം ചെവികൊടുത്തു. അവസാനം അവൻ സംസാരിച്ചു: "ഞാൻ ക്രിസ്ത്യാനിയായിത്തീരുവാൻ നീ എന്നെ അല്പം കൊണ്ടു സമ്മതിപ്പിക്കുന്നു എന്നു പറഞ്ഞു"[50] (വാക്യം 28).

അഗ്രിപ്പാവിനു ആ വാക്കുകൾ എങ്ങനെ പറയാൻ കഴിഞ്ഞു എന്ന് അറിഞ്ഞിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു: അവന്റെ വാക്കുകളുടെ സ്വരം, അവന്റെ മുഖഭാവം, അവന്റെ ശരീരസ്ഥിതി ഒക്കെ അറിഞ്ഞിരുന്നെങ്കിൽ. മൂലഗ്രന്ഥത്തെ ഏതു വിധത്തിലും തർജ്ജിമ ചെയ്യാം,[51] അതു തെളിയിക്കുന്നതാണ് വ്യത്യസ്ത തർജ്ജിമകൾ. ചിലർ വിചാരി

ക്കുന്നതു അഗ്രിപ്പാവ് *ആത്മാർത്ഥതയോടെയാണ്* അതു പറഞ്ഞത് എന്നാണ് (കെജെവി പോലെയുള്ളവ); മറ്റുള്ളവർ പറയുന്നതു പൗലൊസിന്റെ അവസ്ഥയിൽ അവൻ *അനുകമ്പയുള്ള*വനായിരുന്നു, അവൻ എങ്കിലും പൂർണ്ണബോധ്യമുള്ളവനായിരുന്നില്ല എന്നാണ് (എൻഐവി); വേറെ ചിലർ വിചാരിച്ചത് അഗ്രിപ്പാവ് രൂക്ഷ *പരിഹാസിയായിരുന്നു* എന്നാണ് (ആർ എസ് വി). മുമ്പ് അഗ്രിപ്പാവ് പൗലൊസിനോടു മൃദുവായിരുന്നതുകൊണ്ട്, ഉടനീളം, പൗലൊസിന്റെ പ്രസംഗം കഴിയുവോളം (25:24; 26:1, 32), ഒരു പക്ഷെ രൂക്ഷ പരിഹാസം തന്നെ നമുക്കു തിരഞ്ഞെടുക്കാം. ആ സംഭാഷണത്തിൽ രാജാവു എത്ര അടുത്തെത്തി എന്ന്, നമുക്ക് അറിയില്ല.

അഗ്രിപ്പാവ് എന്തമമമമർത്ഥമാക്കി പറഞ്ഞതായാലും, പൗലൊസ് അവന്റെ വാക്കുകൾ മുഖവിലക്ക് എടുക്കുകയും[52] പ്രവൃത്തികളുടെ പുസ്തകത്തിലെ ഏറ്റവും ശക്തമായതും വാഗ്വൈഭവുമുള്ള അപേക്ഷ പൗലൊസ് ഉപയോഗിക്കയും ചെയ്തു:

> നീ മാത്രമല്ല, ഇന്നു എന്റെ പ്രസംഗം കേൾക്കുന്നവർ എല്ലാവരും [പൗലൊസിന്റെ കൈ നിവർത്തി ബർന്നീക്ക, ഫെസ്തൊസ്, അതിഥികൾ, പടയാളികൾ എന്നിവരെയും] അല്പം കൊണ്ടാകട്ടെ അധികം കൊണ്ടാകട്ടെ, ഈ ചങ്ങല ഒഴികെ, എന്നെപ്പോലെ[53] [ഇപ്പോൾ അവൻ തന്റെ കയ്യിലെ വിലങ്ങു ഉയർത്തി], ആകേണം എന്നു, ഞാൻ ദൈവത്തോടു അപേക്ഷിക്കുന്നു എന്നു പറഞ്ഞു[54] (26:29).

കൃത്യമായും, അഗ്രിപ്പാവു വിചാരിച്ചു അവൻ ഇപ്പോൾ തന്നെ വളരെയധികം സംസാരിച്ചുകഴിഞ്ഞു എന്നാണ്. അപ്പോൾ, "രാജാവും ദേശാധിപതിയും ബർന്നീക്കയും, അവരോടുകൂടെ ഇരുന്നവരും എഴുന്നേറ്റു മാറിനിന്നു" (വാക്യം 30). പ്രധാനപ്പെട്ട വ്യക്തികളുമായി, ഞാൻ പല സമയത്തും ഇടപെട്ടിട്ടുള്ളത്, അവർ എഴുന്നേല്ക്കുമ്പോൾ, അവരുടെ മുഖാമുഖ സംഭാഷണം അവസാനിപ്പിച്ചു എന്നർത്ഥം!

പൗലൊസിന്റെ അപേക്ഷിക്കുന്ന കണ്ണുകളിൽ നിന്നകന്ന ഉടനെ ഫെസ്തൊസും അതിഥികളും പൗലൊസിനെക്കുറിച്ച്, "... പരസ്പരം സംസാരിക്കാൻ തുടങ്ങി" (വാക്യം 31). ഐക്യ കണ്ഠേനയുള്ള തീരുമാനം "ഈ മനുഷ്യൻ മരണത്തിനോ ചങ്ങലക്കോ യോഗ്യമായ ഒന്നും ചെയ്തിട്ടില്ല" (വാക്യം 31). അതു പൗലൊസിനു വിജയം ആയിരുന്നു, പക്ഷെ അവൻ ആഗ്രഹിച്ച വിജയം അതായിരുന്നില്ല. അവൻ യേശുവിനെ സമർത്ഥിക്കുവാനാണ് ആഗ്രഹിച്ചത്; പകരം അവൻ സമർത്ഥിക്കപ്പെട്ടു. അവൻ അവരുടെ ആത്മാക്കളെ നേടുവാൻ ആഗ്രഹിച്ചു; പകരം അവരുടെ പ്രീതിയാണ് അവനുനേടാൻ കഴിഞ്ഞത്.[55]

എങ്ങനെയായാലും, ഫെസ്തൊസ്, റോമിലേക്കു വേണ്ട കത്തെഴുതുന്നതിന്റെ വ്യക്തതയിലല്ല; അവനു ഇപ്പോഴും പൗലൊസിനു എതിരായ കുറ്റം ഒന്നുമില്ല! ദേശാധിപതി അവസാനം എന്തെഴുതിയാലും, ആ കേസിനെ ദുർവിനിയോഗം ചെയ്തതിനു തന്നെ ഒഴിച്ച് മറ്റെല്ലാവരേയും

ഫെസ്തൊസ് കുറ്റപ്പെടുത്തിയിരിക്കും! സ്പഷ്ടമായി, വിവരം പൗലൊസിനു അനുകൂലമായിരുന്നു, കാരണം അവനെ യാത്രയിൽ ഇതുവരെയും റോമിലേക്കും നല്ല പെരുമാറ്റം കിട്ടിയിരുന്നു (28:16, 30, 31).

26-ാം അദ്ധ്യായത്തിൽ അവസാനമായ ഒരു കുറിപ്പുണ്ട് - അവിശ്വസനീയമായ സംഭവം. യേശുവിന്റെ ഒരു അനുയായിയെ ഒരു ഹെരോദാവ് ഒരിക്കലും അഭിനന്ദിക്കയില്ല. ഒരു യെഹൂദ പ്രമാണിമഹാപുരോഹിതനുമായി ബന്ധമുള്ള വ്യക്തി പൗലൊസിനെക്കുറിച്ചു നല്ലതു പറയുമെന്നു സങ്കല്പിക്കാൻ പറ്റുന്നില്ല; എന്നിട്ടും ഹെരോദാവ് അഗ്രിപ്പാവ് II, മഹാപുരോഹിതനെ നിയമിക്കുന്ന വ്യക്തി, പൗലൊസിന്റെ പീഡിപ്പിച്ചു കൊല്ലുവാൻ ഏല്പിച്ചു കൊടുത്തതാണ്! "അഗ്രിപ്പാവ് ഫെസ്തൊസിനോടു പറഞ്ഞു, 'കൈസരെ അഭയം ചൊല്ലിയിരുന്നില്ലെങ്കിൽ അവനെ വിട്ടയപ്പാൻ കഴിയുമായിരുന്നു'"[56] (വാക്യം 32). "ഹെരോദാവുമാരിൽ അവസാനത്തെ ആൾ" ഈ മനുഷ്യനിലും അവന്റെ സന്ദേശത്തിലും സംപ്രീതനായിരുന്നു! എന്തായിരുന്നു കാരണം എന്നു നാം അത്ഭുതപ്പെട്ടേക്കാം. നമുക്ക് ഒരിക്കലും അറിയില്ല.

**ഉപസംഹാരം**


നിരാശനായ പൗലൊസു തന്റെ തടവു മുറിയിലേക്കു തിരിച്ചു പോയപ്പോൾ, നാം പറഞ്ഞു പോയേക്കാം, "അതു വെറും സമയം പാഴാക്കലായിപ്പോയി! പൗലൊസ് പ്രസംഗിച്ച ഏറ്റവും നല്ല പ്രസംഗം ആയിരുന്നു അത്, ഒരൊറ്റ ആൾ പോലും പരിവർത്തനം ചെയ്യപ്പെട്ടില്ല!" പ്രതിഫലിച്ചതു നോക്കിയാൽ, അതു സമയം പാഴാക്കൽ ആയിരുന്നില്ല എന്നു കാണാം: അഗ്രിപ്പാവിനും വന്നുകൂടിയ എല്ലാവർക്കും വെളിച്ചം ലഭിച്ചു; അവർ കണ്ണടച്ചു എങ്കിൽ അതു പൗലൊസിന്റെ തെറ്റല്ല. അഗ്രിപ്പാവിനും മറ്റുള്ളവർക്കും സ്വാതന്ത്ര്യ വഴി കാണിച്ചു കൊടുത്തു; അവർ പാപത്തിന്റെ അടിമത്വത്തിൽ തന്നെ ഇരുന്നതിനു പൗലൊസിനെ കുറ്റപ്പെടുത്താവുന്നതല്ല. പൗലൊസ് അവരോടു യേശുവിനെ പ്രസംഗിച്ചു; ഇനി അവർക്കു ഒഴിഞ്ഞു മാറാവുന്നതല്ല.

ഈ വാക്യങ്ങൾ നിങ്ങൾ പഠിച്ചപ്പോൾ, നിങ്ങളെ അഗ്രിപ്പാവിന്റെ സ്ഥാനത്തുവെച്ചുകാണും എന്നു ഞാൻ പ്രതീക്ഷിക്കുന്നു. നിങ്ങളുടെ ജീവിതത്തെ മാറ്റുവാൻ കർത്താവിൽ നിന്നുള്ള മുള്ള് അവന്റെ വചനത്തിലൂടെ വന്നതു നിങ്ങൾക്കു അനുഭവപ്പെട്ടിരിക്കുമല്ലൊ.[57] പൗലൊസിനെ പോലെ, ഞാൻ, "നിങ്ങൾ ... മാത്രമല്ല, എന്റെ പ്രസംഗം കേൾക്കുന്ന എല്ലാവരും, എന്നെപ്പോലെ" - ക്രിസ്ത്യാനിയായി, യേശുവിന്റെ അനുയായിയാകണമെന്നു, അപേക്ഷിക്കുന്നു (പ്രവൃത്തികൾ 26:29). അവസാനം, കർത്താവിനോടു പ്രതികരിക്കണോ വേണ്ടയോ എന്ന് *നിങ്ങൾ* തന്നെ തീരുമാനിക്കുക. "സ്വർഗ്ഗീയ ദർശനത്തിനു അനുസരണക്കേട് കാണിക്കാത്ത" പൗലൊസിനെപ്പോലെ ആകാം, നിങ്ങൾക്ക് (വാക്യം 19), അല്ലെങ്കിൽ അഗ്രിപ്പാവിനെപ്പോലെ, എഴുന്നേറ്റു നടന്നു പോകാം. അതേതായിരിക്കും?

ആറോ – അല്ലെങ്കിൽ എട്ടോ – അടിയുള്ളതും, ഒരറ്റത്തു മുനയുള്ളതും ആയ വടി പ്രദർശിപ്പിക്കാൻ എടുക്കുക. വടി എങ്ങനെ പിടിക്കണമെന്നു കാണിക്കുക – തറയിലേക്കു സമാന്തരമായി, അരയോളം ഉയരത്തിൽ. പഠിപ്പിക്കുമ്പോൾ അടുത്തു തന്നെ വെച്ചുകൊണ്ട്, പൗലൊസ് അഗ്രിപ്പാവിനെ മുള്ളുകൊണ്ടടിക്കുന്ന സന്ദർഭം വരുമ്പോൾ, നിങ്ങളുടെ വടി എടുത്ത് അന്തരീക്ഷത്തിൽ അടിച്ച് ആ ചിന്ത വരുത്തുക.

നിങ്ങൾ "അല്പം കൊണ്ട്" എന്ന ആശയം ഊന്നിപ്പറയാൻ ആഗ്രഹിക്കുന്നു എങ്കിൽ (താഴെയുള്ള "പ്രസംഗക്കുറിപ്പുകൾ" നോക്കുക), പല കാര്യങ്ങൾ ബോർഡിൽ എഴുതാൻ തുടങ്ങുക: ആദ്യം, തെറ്റായ കണക്കെഴുതുക. പിന്നെ, പരിചയമുള്ള ഒരു പേർ ഒരക്ഷരം തെറ്റിച്ച് എഴുതുക. അവസാനം, ഗർത്തം ചാടിക്കടക്കുവാൻ ശ്രമിക്കുന്ന രേഖാ ചിത്രം വരയ്ക്കുക (അതുണ്ടാകാതെ). ഉദാഹരണമായി:

```
  14
+ 17
----
  32
```



"ഈ ചിത്രീകരണങ്ങളിൽ പൊതുവായിട്ടുള്ളതു എന്താണെന്നു," ചോദിക്കുക? എല്ലാം *"അല്പംകൊണ്ട്"* കൂട്ടിയത്. *അല്പം* ശരിയാണ്; പേരിന്റെ സ്പെല്ലിങ്ങ് *മിക്കവാറും* ശരിയാണ്; ഓരോന്നും അടുത്തായെങ്കിലും, ശരിയല്ല. കൂട്ടിയതു 97 ശതമാനം ശരിയല്ല; 100 ശതമാനം തെറ്റായിരുന്നു. ആ മനുഷ്യൻ എട്ടിൽ – ഏഴു വഴി കടന്നില്ല എന്നല്ല; അവൻ പോയില്ല! "അല്പം കൊണ്ട്" പ്രവൃത്തി പൂർണ്ണമാകുന്നില്ല!

---

കുറിപ്പുകൾ

[1]ചില കൃഷിക്കാർ "ഹോട്ട് ഷോട്ട്സ്" എടുത്തും (ലോഹനിർമ്മിതവും വൈദ്യുതാഘാതം ഏല്പിക്കുന്നതുമാണ്), എന്നാൽ മിക്കവാറും - ഇപ്പോഴും തുടരുന്നത് - മൃഗത്തെ വേഗം കൂട്ടുവാനും തിരിക്കുവാനും വടി തന്നെയാണ് ഉപയോഗിക്കുന്നത്. [2]ഞാൻ പ്രായോഗികതക്കായി ഉപയോഗിച്ച "പ്രോഡ്" ഉം "ഗോഡ്" ഉം, ഞാൻ ക്വട്ടേഷനിൽ ആണ് അടയാളപ്പെടുത്തിയത്. കാരണം, അവ, ചിലപ്പോൾ നിഷേധ സൂചകമായി ഉപയോഗിക്കുന്നുണ്ട്. ഞാൻ, എങ്ങനെയായാലും, പാഠത്തിന്റെ മുഖ്യഭാഗത്ത് ക്രിയാത്മകമായി ഉണർത്തുന്നതിനു ക്വട്ടേഷൻ കൂടാതെ ഉപയോഗിക്കുന്നതാണ്. [3]അഗ്രിപ്പാ രാജാവിനെ ചരിത്രത്തിൽ ഹെരോദാവ് അഗ്രിപ്പാവ് II എന്നാണ് അറിയപ്പെടുന്നതു. അവന്റെ അച്ഛൻ, ഹെരോദാവ് അഗ്രിപ്പാവ് ആയിരുന്നു, പ്രവൃത്തികൾ 12ൽ യാക്കൊബിനെകൊന്നത് പത്രൊസിനെ കൊല്ലുവാൻ ശ്രമിച്ചതും അവനായിരുന്നു. അവന്റെ വലിയ - വെല്ല്യപ്പൻ ആയിരുന്നു മഹാനായ ഹെരോദാവ്, അവനായിരുന്നു ശിശുവായിരുന്ന യേശുവിനെ - അന്വേഷിച്ചു -

നശിപ്പിക്കുവാൻ ശ്രമിച്ചത്. ഹെരോദാവ് വംശത്തിലെ അവസാന കണ്ണിയായിരുന്നു അഗ്രിപ്പാവ്; ചിലപ്പോൾ അവനെ "അവസാന ഹെരോദാവ്" എന്നും വിളിച്ചിരുന്നു. ഹെരോദാവ് അഗ്രിപ്പാവ് II ന്റെ കൂടുതൽ വിവരങ്ങൾക്ക്, കഴിഞ്ഞ പാഠത്തിലെ "പുനരുത്ഥാനത്തിന്റെ ശക്തി" എന്ന പാഠവും "പ്രവൃത്തികൾ, 3-൧൦" ലക്കത്തിലെ "താൻ ദൈവം എന്നു വിചാരിച്ച മനുഷ്യൻ" എന്ന പാഠവും നോക്കുക. [4]ഹെൻറി ഈ. ഡോസ്ക്കർ, "ഹെരോദ്," ഇൻ *ദ ഇന്റർ നാഷ്ണൽ സ്റ്റാൻഡാർഡ് ബൈബിൾ എൻസൈക്ലോപീഡിയാ*, ഇഡി. ജെയിംസ് ഓർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ല്യു എം.ബി. എർഡ്മാർസ് പബ്ലിഷിങ്ങ് കമ്പനി, 1960), 3:1383. [5]ഈ അമ്മാവനെ (ചാൾസിസ് ഹെരോദാവ്) ബൈബിൾ പറഞ്ഞിട്ടില്ല. ശ്രദ്ധേയമായ അനേകം വിവാഹങ്ങൾ ഹെരോദാ കുടുംബത്തിൽ അമ്മാവന്മാരും അനന്തരവൾമാരും തമ്മിൽ നടന്നിട്ടുണ്ട്. [6]പല പുരാതന എഴുത്തുകളിലും, ബർന്നീക്കയെ "രാജകുമാരി" എന്നാണ് വിളിച്ചിരിക്കുന്നത്. [7]പിന്നീട്, യെഹൂദന്മാരുടെ മത്സരം കുറക്കുവാൻ ടൈറ്റസ് വന്നപ്പോൾ, അവൾ അവനുമായി ബന്ധപ്പെടുകയും റോമാപൗരന്മാർ ഒച്ചപ്പാടുണ്ടാക്കിയപ്പോൾ വിവാഹം കഴിക്കയും ചെയ്തു. [8]ജെ.ഡബ്ല്യു മെക്ഗാർവേ, *ന്യൂ കമെന്ററി ഓൺ ആക്സ് ഓഫ് അപ്പൊസ്തൽസ്*, വാല്യം 2 (ഡിലൈറ്റ് ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി, എൻ.ഡി), 248-49. [9]സ്ത്രീകൾ ബർന്നീക്കയടക്കം ഉണ്ടായിരുന്നിട്ടും, "പുരുഷന്മാർ" എന്ന് ഫെസ്തൊസ് പറഞ്ഞതു തന്റെ രാജകീയ അതിഥികളിൽ ഒരാളെ പരിഹസിക്കുന്നതി - നായിരുന്നില്ല അതു ഒരു പക്ഷെ മീറ്റിങ്ങിലെ, സാധാരണ അഭിസംബോധന ആയിരിക്കാം. [10]നമ്മിൽ പലരും ആകാറുള്ള കുടുക്കിൽ ആയിരുന്നു ഫെസ്തൊസ് വീണത്. അവൻ *പറഞ്ഞതായ എല്ലാ* യെഹൂദന്മാരും എന്നത്, പൗലൊസിനെ തള്ളിപ്പറയുന്നതിനാണ്, അതുകൊണ്ട്, അവൻ പറഞ്ഞു, "*എല്ലാ* ... യെഹൂദന്മാരും" "*എല്ലാവരും* ഇതും വിചാരിക്കുന്നു!," എന്നു പറയാൻ എന്തെളുപ്പം.

[11]കുഴപ്പങ്ങൾക്കു കാരണം എപ്പോഴും മറ്റുള്ളവരിൽ ചുമത്താൻ ഫെസ്തൊസ് ശ്രദ്ധിച്ചിരുന്നു: ഫേലിക്സിൽ (25:14), യെഹൂദന്മാരിൽ (25:24), പൗലൊസിൽ (26:32), തന്നിലൊഴിച്ച് മറ്റാരിലെങ്കിലും ചുമത്തും. [12]വാസ്തവത്തിൽ, അവനു തീരുമാനം ഒന്നും ഇല്ലായിരുന്നു - പൗലൊസിന്റെ അപേക്ഷ അവന്റെ കയ്യിൽ നിന്നും കാര്യം കൈവിട്ടുപോയി - എന്നാൽ അവൻ നിർണ്ണയാകമെന്നു ബോദ്ധ്യപ്പെടുത്താൻ ആഗ്രഹിച്ചു. [13]പൗലൊസ് നിരപരാധിയാണെന്ന ഫെസ്തൊസിന്റെ പരസ്യസമ്മതം അവനെ സഹായിക്കാൻ താമസിച്ചു പോയി, എന്നാൽ അതു ആ പ്രദേശത്തുള്ള സഭാംഗങ്ങൾക്കു ഉപകാരപ്രദമായിരുന്നു എന്നതിൽ സംശയമില്ല. [14]പൗലൊസ് പ്രസംഗം ആരംഭിച്ചപ്പോൾ കൈകൾ വീശി. ഇതു കണ്ട ചിലർ, എങ്ങനെയായാലും, ദേശാധിപതിയെയും രാജാവിനെയും അവൻ വന്ദനം ചെയ്തതായിരുന്നു എന്നു കരുതി [15]ആ ആദരണീയ സദസ്സിനു മുമ്പിലെ പൗലൊസിന്റെ പ്രതിരോധം മൃദുവും ഘടനയും ഭാഷയും ക്രമപ്പെടുത്തിയതുമായിരുന്നു. [16]ഒരുപക്ഷെ, യേശുവിനെക്കുറിച്ച് യെഹൂദന്മാർക്കിടയിലുണ്ടായിരുന്ന വിവാദം പൗലൊസിന്റെ മനസ്സിലുണ്ടായിരുന്നേക്കാം. [17]തെർത്തുല്ലൊസിൽ നിന്നു വ്യത്യസ്തമായി, പൗലൊസ് ചുരുക്കമായി വിവരിക്കുന്നു എന്നു പറഞ്ഞില്ല (24:4). 26-൧൦ അദ്ധ്യായം അഞ്ചു മിനിറ്റിനുള്ളിൽ ഉറക്കെവായിക്കാം - ലൂക്കൊസ് വീണ്ടും പ്രസംഗങ്ങളുടെ ദൈവശ്വാസിയതയാണ് രേഖപ്പെടുത്തിയത്. [18]ഫെസ്തൊസ് നഷ്ടപ്പെട്ടവനാണെന്ന് അവൻ വ്യക്തമായും കരുതി (മത്തായി 7:6). പൗലൊസ് തന്റെ അഭിപ്രായത്തിൽ സദസ്സിലുണ്ടായിരുന്ന എല്ലാവരെയും രണ്ടു പ്രാവശ്യം ഉൾപ്പെടുത്തി (26:8, 29), എന്നാൽ കേന്ദ്രീകരിച്ചത് അഗ്രിപ്പാവിൽ ആയിരുന്നു. [19]"പ്രവൃത്തികൾ, 2-൧൦" ലക്കത്തിലെ "നിങ്ങൾ മരിക്കുന്നത് എന്തിന്?" എന്ന പാഠത്തിലെ പ്രവൃത്തികൾ 7:58 ന്റെ വിവരണം നോക്കുക. [20]ഇതു വാരെൻ ഡബ്ല്യു വിയേഴ്സ് ബേയുടെ ഫൈവ് പോയിന്റ് ഇൻ *ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി*, വാല്യം 1 (വീറ്റൺ, Ill.: വിക്ടർ ബുക്സ്, 1989), 504-6.

[21]"എന്റെ സ്വന്തജാതിക്കാർ" തർസൊസിലെ യെഹൂദ സമൂഹത്തെയാണ് സൂചിപ്പിച്ചത്; കൂടുതൽ സാധ്യത, യെഹൂദ്യയിലെ യെഹൂദസമൂഹമാകാനാണ്. [22]പൗലൊസിന്റെ

പ്രാരംഭ ജീവിതത്തെക്കുറിച്ചുള്ള നോട്ടുകൾക്ക്, “പ്രവൃത്തികൾ, 2-ാം” ലക്കത്തിലെ “ശിഷ്യത്വത്തിലേക്കുള്ള വഴിയിൽ” എന്ന പാഠം നോക്കുക. [23]“പന്ത്രണ്ടു ഗോത്രങ്ങൾ” എന്ന പ്രയോഗം ശ്രദ്ധിക്കുക. “നഷ്ടപ്പെട്ട പത്തു ഗോത്രങ്ങൾ” എന്ന ഇതിഹാസം അനേകം ദുരുപദേശങ്ങൾക്കു വഴിതെളിച്ചു. ഐഹോവാർഡ് മാർഷൽ സൂചിപ്പിച്ചു, “ബെന്യാമീൻ ഗോത്രത്തിൽ നിന്നും യെഹൂദാഗോത്രത്തിൽ നിന്നും മാത്രം പ്രവാസ ശേഷം മടങ്ങി വന്നതു എന്ന ആശയം (ദക്ഷിണ രാജ്യം) പുതിയ നിയമക്കാലത്ത് ഉണ്ടാ യിരുന്ന യെഹൂദന്മാർ എന്നതു പുരാണം മാത്രമായി കെട്ടടങ്ങി (എന്നാൽ, ഉദാഹരണ മായി, ലൂക്കൊസ് 2:36 നോക്കുക)” (*ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്*, ദ ടിൻഡെയിൽ ന്യൂടെസ്റ്റ്മെന്റ് കമെന്ററീസ്, ജെന. ഈഡി., ആർവിജി ടാസ്കർ [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ല്യു എം.ബി.എർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി, 1980], 392). വാരെൻ ഡബ്ല്യു വിയേഴ്സ് ബേ പറഞ്ഞു, “ബി.സി 722-ൽ അശൂര്യൻ പത്തു വടക്കൻ ഗോത്ര ങ്ങളെ (യിസ്രായേൽ) കീഴ്പ്പെടുത്തി, എന്നാൽ ഈ പത്തു ഗോത്രങ്ങൾ ‘നഷ്ടപ്പെടുക’ യോ നശിക്കുകയോ ചെയ്തില്ല. യേശു എല്ലാ പന്ത്രണ്ടു ഗോത്രങ്ങളേയും പറ്റി പറയു ന്നുണ്ട് (മത്തായി 19:28) യാക്കൊബും പറയുന്നുണ്ട് (യാക്കൊബ് 1:1) അപ്പൊസ്തലനാ യിരുന്ന യോഹന്നാനും പറഞ്ഞിട്ടുണ്ട് (വെളിപ്പാട് 7:4-8; 21:12)” (വിയേഴ്സ്ബേ, 504). എഫ്. എഫ്. ബ്രൂസ് പറഞ്ഞു, “പത്തു ഗോത്രങ്ങളെ പറ്റിയുള്ള ഇതിഹാസം ബൈബിൾ രേഖയിലില്ല” (*ദ ബുക്ക് ഓഫ് ആക്സ്*, ദ ന്യൂ ഇന്റർ നാഷണൽ കമെന്ററി ഓൺ ദ ന്യൂടെസ്റ്റാമെന്റ്, റെവ. ഇഡി [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ല്യു എം.ബി എഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി, 1988], 463). [24]“പ്രവർത്തികൾ, 1-ാം” ലക്കത്തിലെ ശബ്ദസംഗ്രഹ ത്തിലെ “മശിഹ” എന്നതു “ക്രിസ്തു” എന്നതും നോക്കുക. [25]ഈ പ്രത്യാശകൾ വളർന്നത് എങ്ങനെ എന്നറിയുവാൻ, വില്ല്യം ബാർക്ക്ലേയുടെ, *ദ ലെറ്റ്ഴ്സ് ടു ദ കൊരിന്ത്യൻസ്*, ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ്, റെവ. ഇഡി (ഫിലാദേൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രെസ്, 1975), 139-40. [26]കൂടാതെ ഇയ്യോബ് 19:25-27; സങ്കീർത്തനങ്ങൾ 16:10; യെശയ്യാവ് 26:19; ഹോശെയ്യാ 6:2 നോക്കുക. ഈ വേദഭാഗത്തോട് കൂടെ പഴയ നിയമകാലത്തിൽ മരിച്ചവരിൽ നിന്നുയർത്തെഴുന്നേറ്റ പരാമർശങ്ങളും ചേർക്കുക (1 രാജാക്കന്മാർ 17:23; 2 രാജാക്കന്മാർ 4:35; 13:21). [27]മരിച്ചവരുടെ പുനരുത്ഥാനത്തിൽ വിശ്വസിക്കാതിരുന്ന, സദൃക്യർ, പ്രവാചകന്മാരെ സ്വീകരിക്കാതെ ന്യായപ്രമാണത്തിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങൾ മാത്രം സ്വീകരിച്ചു. [28]ബ്രൂസ്, 463. [29]ഗ്രീക്കിൽ “യു” എന്നു മാത്രമാണ് (കെജെവി നോക്കുക), എന്നാൽ സർവ്വനാമം ബഹുവചനമാണ്, പൗലൊസ് അഗ്രിപ്പാ വിനെ മാത്രമല്ല, കൂട്ടത്തെ മുഴുവനും അഭിസംബോധന ചെയ്തു എന്നാണ്. എൻ എ എസ് ബി ഈ ആശയം സൂചിപ്പിച്ചും “ജനങ്ങൾ” എന്നു ചേർത്തിരിക്കുന്നു. [30]“യേശു വിന്റെ നാമം” അവൻ ആയിരുന്നതെല്ലാം അവൻ പഠിപ്പിച്ചതെല്ലാം ഉൾപ്പെടുന്നു.

[31]“പ്രവൃത്തികൾ, 2-ാം” ലക്കത്തിലെ ശബ്ദസംഗ്രഹത്തിലെ “വിശുദ്ധൻ” എന്നതു നോക്കുക. പൗലൊസ് ഈ സന്ദർഭത്തിൽ ഉപയോഗിച്ച വാക്കുകൾ സൂചിപ്പിക്കുന്നതു അവർ തടവിലാക്കിയതു കുറ്റമില്ലാത്തവരെയായിരുന്നു എന്നു അവൻ തിരിച്ചറിഞ്ഞു. [32]പൗലൊസിന്റെ വാക്കുകൾ അർത്ഥമാക്കാൻ സാധ്യതയുള്ളത് അവൻ കാരണം ക്രിസ്ത്യാനികൾ യേശുവിനെ ദൈവം എന്നു ഏറ്റു പറഞ്ഞിരുന്നു, അതു ഒരു *യെഹൂ ദന്നു* ദൈവ ദൂഷണമാണ്. (“പ്രവൃത്തികൾ, 2-ാം” ലക്കത്തിലെ ശബ്ദസംഗ്രഹത്തിലെ “ദൂഷണം” എന്നതു നോക്കുക.) എങ്ങനെയായാലും, യേശുവിനെ തള്ളിപ്പറയുവാനായി അവനു *ശക്തി*ചെലുത്തേണ്ടിയിരുന്നു എന്ന വസ്തുത, അതു ഒരു *ക്രിസ്ത്യാനിക്കു* ദൈവ ദൂഷണമാണ്. എൻ എ എസ് ബിയിലെ അപൂർണ്ണകാലമായ “*ഞാൻ അവരെ നിർബ്ബ ന്ധിച്ചുവന്നു ... .*” പൗലൊസ് തന്റെ പരിശ്രമങ്ങളിൽ വിജയത്തിൽ താഴെയായിരുന്നു എന്നു സമ്മതിക്കുന്നതു - അതു അവനെ കൂടുതൽ ക്രിസ്ത്യാനികളെ ശത്രുതയിലാ ക്കാൻ ശ്രമിക്കയായിരുന്നു. [33]ഇത് പ്രവൃത്തികളുടെ പുസ്തകത്തിലെ പൗലൊസിന്റെ പരിവർത്തനത്തിന്റെ മൂന്നാമത്തെ വിവരണമാണ്. ഈ മൂന്നു വിവരണങ്ങളും “കൂട്ട ക്കൊലയാളി സ്നാനമേറ്റു” എന്നതും “ക്രിസ്തുവിൽ ശിശുക്കളായവർക്കുള്ള പക്വമായ

- ഉപദേശം" "പ്രവൃത്തികൾ, 2"ന്റെ വിവരണങ്ങളിലുള്ളതു ശ്രദ്ധിക്കുക. [34]മെക്ഗാർവേ, 252-53. [35]പൗലൊസ് "മുള്ളുകൾ" എന്ന ബഹുവചനരൂപമാണ് ഉപയോഗിച്ചത് കർത്താവ് അവനെ *പലപ്പോഴായി* മുള്ളു കൊണ്ടു ഉതച്ചിട്ടുണ്ട്. [36]മുമ്പുള്ള ഒരു പാഠത്തിൽ എളുപ്പമുള്ള മനസാക്ഷിയോടെയാണ് പൗലൊസിനെ മുള്ളുകൊണ്ട് ഉതച്ചത് എന്നു നാം കണ്ടു (23:1) മുമ്പു നാം ചർച്ച ചെയ്തതു കൂടെ ഇതിൽ ഉൾപ്പെടുത്തണം. [37]ഹെരോദാവുമാരുടെ കുടുംബത്തിൽ യേശുവും അവന്റെ അനുയായികളുമായി വർഷങ്ങളോളം ബന്ധപ്പെട്ടത് കർത്താവിനെ അറിയുവാനും അവനെ പിൻപറ്റുവാനും കിട്ടിയ പ്രത്യേക അവസരമാണ് - അവർക്കു സത്യസന്ധ ഹൃദയമുണ്ടായിരുന്നെങ്കിൽ അതു ഉപയോഗപ്പെടുത്താമായിരുന്നു (ലൂക്കൊസ് 8:15). [38]"മിനിസ്റ്റർ" എന്നതു സാധാരണ ഗ്രീക്കു വാക്ക് (*ഡയാകോണോസ്*) അല്ല, "അണ്ടർ - റോവെർ" എന്നർത്ഥം വരുന്നവാക്കാണ് "അണ്ടർ - റോവെർ" ഒരു തടവ് കപ്പലിലെ താഴ്ന്ന സേവകർക്ക്. [39]അപ്പൊസ്തലൻ ആകേണ്ട യോഗ്യതക്കാണ് യേശു പൗലൊസിനു പ്രത്യക്ഷനായത്. "പ്രവൃത്തികൾ, 2-ാം" ലക്കത്തിലെ "ശിഷ്യത്വത്തിലേക്കുള്ള വഴിയിൽ" എന്ന പാഠം നോക്കുക. [40]"വിടുവിക്കൽ" എന്നതിനുള്ള ഗ്രീക്കു വാക്ക് "മോചിപ്പിക്കും" എന്നതിനും തർജ്ജിമ ചെയ്യാം (എൻഐവി നോക്കുക). പൗലൊസിന്റെ ശിശ്രൂഷയിൽ ഉടനീളം, കർത്താവ് തുടർച്ചയായി "മോചന ദൗത്യങ്ങൾ" നിർവ്വഹിച്ചു കൊണ്ടിരുന്നു.

[41]ഗ്രീക്കിൽ "ജനങ്ങൾ" എന്നു മാത്രമെയുള്ളു, എന്നാൽ ഇതു പലപ്പോഴും യെഹൂദജനത്തെയാണ് സൂചിപ്പിക്കുന്നത്, ഈ സന്ദർഭത്തിലേതു പോലെ. [42]ആവശ്യമെങ്കിൽ ഈ ചിന്ത വിപുലീകരിക്കാം. [43]തന്റെ ആദ്യത്തെ യെരുശലേം യാത്രയിൽ പൗലൊസ് "യെഹൂദ്യാ പ്രദേശങ്ങളിൽ എല്ലായിടവും" പൗലൊസ് പ്രസംഗിച്ചില്ല (ഗലാത്യർ 1:18, 22-24). എങ്ങനെയായാലും, അവനു തന്റെ പിന്നീടുള്ള യെരുശലേം യാത്രയിൽ അതിനു അവസരം ലഭിച്ചിട്ടുണ്ട് (12:25; 15:2-4; മുതലായവ). [44]ഇവിടെ മാനസാന്തരത്തിന്റെ അർത്ഥവും പ്രാധാന്യവും വിശദീകരിക്കാം. 18-ാം വാക്യത്തിൽ നിന്നു ഈ വാക്കുകളും ഉൾപ്പെടുത്താം: "അങ്ങനെ അവർ അന്ധകാരത്തിൽ നിന്നു വെളിച്ചത്തിലേക്കു വരും" "പ്രവൃത്തികൾ, 1-ാം" ലക്കത്തിലെ "മാനസാന്തരം" എന്നതിന്റെ നോട്ടുകൾ നോക്കുക. [45]കെജെവിയിൽ "ക്രിസ്തു ... മരിച്ചവരിൽ നിന്നു ആദ്യമായി എഴുന്നേറ്റവൻ" എന്നതു, കൊലൊസ്യർ 1:18 ഉം 1 കൊരിന്ത്യർ 15:20 ഒരേ രീതിയിലുള്ളതാണ്. തീർച്ചയായും, മരിച്ചവരിൽ നിന്നു, ഉയിർത്തെഴുന്നേറ്റതു, ആദ്യം യേശുവായിരുന്നില്ല, എന്നാൽ പുനരുത്ഥാന ശരീരവുമായി ആദ്യമായി എഴുന്നേറ്റതു യേശുവായിരുന്നു, പിന്നീട് മരിക്കാതിരിക്കുന്ന അവസ്ഥ. മൂലഗ്രന്ഥത്തിൽ, "ആദ്യൻ" എന്നതു മോടി പിടിപ്പിക്കാൻ വ്യക്തമല്ല. എൻ എ എസ് ബി വാക്ക് ഉപയോഗിച്ചിരിക്കുന്നത് സുവിശേഷഘോഷണത്തിനാണ്. [46]ഗ്രെയിറ്റ് ബ്രിട്ടനും മറ്റു രാജ്യങ്ങൾക്കും ആർ എസ് പി സി എ ഉണ്ട് (റോയൽ സ്വസൈറ്റി ഫോർ ദ പ്രിവെൻഷൻ ഓഫ് ക്രൂവെൽറ്റി ടു അനിമൽസ്). അമേരിക്കയ്ക്ക് എ എസ് പിസിഎ (അമേരിക്കൻ സൊസൈറ്റി ഫോർ ദ പ്രിവെൻഷൻ ഓഫ് ക്രുവൽറ്റി ഓഫ് അനിമൽസ്) ഇതു പ്രാദേശിക ശ്രോതാക്കൾക്കു മനസ്സിലാക്കുമെങ്കിൽ മാത്രം ഉപയോഗിക്കുക. [47]റബ്ബി ആകുവാനുള്ള പൗലൊസിന്റെ പഠിത്തത്തെക്കുറിച്ച് ഒരു പക്ഷെ ഫെസ്തൊസിനു അറിവുണ്ടായിരുന്നേക്കാം. ഒരു പക്ഷേ പൗലൊസ് നിരന്തരമായി തന്റെ മുറിയിൽ പഠിച്ചുകൊണ്ടിരുന്നതു അവൻ കണ്ടിരുന്നേക്കാം (2 തിമൊഥെയൊസ് 4:13). ഒരു പക്ഷെ പൗലൊസിന്റെ വാഗ്‌വൈഭവും അവതരണവും കണ്ടു സംപ്രീതനായതുമാകാം. [48]ഇതു ലൂക്കൊസ് 1:3; പ്രവൃത്തികൾ 23:26; 24:3 എന്നിവയുമായി താരതമ്യം ചെയ്യുക. വ്യക്തിയെ ബഹുമാനിക്കാൻ കഴിയാത്തപ്പോൾ സ്ഥാനത്തെ ബഹുമാനിക്കുവാനുള്ള മറ്റൊരു മാതൃകയാണിത്. [49]ഇംഗ്ലീഷിൽ ഇതു വ്യക്തമല്ലെങ്കിലും, ഗ്രീക്കിൽ "എൻറേജ്ഡ്" (വാക്യം 11), "വിഭ്രാന്തി" (വാക്യം 24), "ഭ്രാന്ത്" (വാക്യം 24), "വിഭ്രാന്തി" (വാക്യം 25) എന്നിവയെല്ലാം ഗ്രീക്കു വാക്കായ *മാനേയി* എന്നതിന്റെ രൂപഭേദങ്ങളാണ് - അതിൽ നിന്നാണ് നമുക്ക് "മാനിയാക്," "മാനിക്," "മാനിയാ" എന്നീ വാക്കുകൾ കിട്ടിയത്. [50]പ്രവൃത്തികളിൽ ഇതു രണ്ടാം തവണയാണ് "ക്രിസ്ത്യാനി" എന്ന

വാക്ക് നാം കാണുന്നത് ഇതു, യേശുവിന്റെ അനുയായികളെ പൊതുവിൽ വിളിച്ചിരുന്ന പേരാണ്. അഗ്രിപ്പാവു വിലകുറക്കുന്ന രീതിയിലാണ് ആ വാക്ക് ഉപയോഗിച്ചത്. "പ്രവൃത്തികൾ, 3-൧൦" ലക്കത്തിലെ "ആദ്യം ... അന്ത്യോക്യയിൽ" എന്ന പാഠത്തിലെ പ്രവൃത്തികൾ 11:26 ന്റെ നോട്ടുകൾ നോക്കുക.

[51]മൂല ഗ്രന്ഥത്തിലേതു അയഞ്ഞ തർജ്ജിമയായി "അല്പംകൊണ്ട്, നീ എന്നെ ക്രിസ്ത്യാനിയാക്കുവാൻ പ്രേരിപ്പിക്കുന്നു" എന്നാണ്. "ആകുക" എന്നതിന്റെ ഗ്രീക്കു വാക്ക് തർജ്ജിമ "പ്രവൃത്തി." "ലിറ്റിൽ" എന്നതു സമയത്തെ അല്ലെങ്കിൽ (ചെറിയ ശ്രമം അഥവാ പ്രേരണ). അഗ്രിപ്പാവ് *എങ്ങനെ* ഈ വാക്കുകൾ പറഞ്ഞു എന്നറിയാതെ, അവൻ ആത്മാർത്ഥതയുള്ളവർ ആയിരുന്നോ എന്നു പറയാൻ സാധ്യമല്ല. [52]അഗ്രിപ്പാവു പറഞ്ഞതിൽ ആത്മാർത്ഥതയുള്ളവനായിരുന്നതുകൊണ്ടാകാം പൗലൊസ് അഗ്രിപ്പാവ് പറഞ്ഞതു ഗൗരവമായി എടുത്തത് എന്ന് വിശ്വസിക്കപ്പെടുന്നു. [53]അഗ്രിപ്പാവ് പറഞ്ഞതു "ഒരു ക്രിസ്ത്യാനി ആയിത്തീരുവാൻ" എന്നാണെങ്കിൽ പൗലൊസ് പറഞ്ഞതു "എന്നെപ്പോലെ" ആകുവാൻ എന്നാണ് ഒരു ക്രിസ്ത്യാനി എങ്ങനെ ആയിരിക്കണം എന്നു പൗലൊസിന്റെ ജീവിതം നിർവ്വഹിക്കുന്നു. [54]മുപ്പതോ അതിലധികമോ വർഷം മുൻപു, പൗലൊസ് സ്ത്രീകളേയും പുരുഷന്മാരെയും പിടിച്ചു കെട്ടുവാൻ മടിച്ചില്ല (9:2; 26:10), എന്നാൽ ഇപ്പോൾ അതു ആരിലും ചെയ്യാൻ ആഗ്രഹിച്ചില്ല! [55]പൗലൊസ് നിരപരാധിയാണെന്ന ഉദ്യോഗസ്ഥന്മാരുടെ പ്രസ്താവന ലൂക്കൊസ് തുടർച്ചയായി കൂട്ടിച്ചേർക്കുന്നു. "പ്രവൃത്തികൾ, 1-൧൦" ലക്കത്തിലെ "എഴുതപ്പെട്ടതിൽ ഏറ്റവും വലിയ തുടർക്കഥ" പ്രവൃത്തികളുടെ പുസ്തകത്തിലെ "പ്രതിവാദോദ്ദേശം" എന്നതു ("അപ്പൊളജെറ്റിക്" എന്നതു ഗ്രീക്കു വാക്ക് അപ്പൊളജ്ജിയ, എന്നതിന്റെ അർത്ഥം "പ്രതിരോധം" എന്നാണ്) മറ്റൊരുവാക്കിൽ പറഞ്ഞാൽ പ്രവൃത്തികളുടെ പുസ്തകം ക്രിസ്തുവിനും അവന്റെ അനുയായികൾക്കും ഉള്ള പ്രതിരോധം ആണ്. [56]ഒരിക്കൽ പൗലൊസ് കൈസരെ അഭയം ചൊല്ലി, ദേശാധിപതിക്ക് അവനെ കൈസരുടെ അടുക്കൽ അയക്കുകയേ നിർവ്വാഹം ഉണ്ടായിരുന്നുള്ളു. ഈ പുസ്തകത്തിൽ ആദ്യം പറഞ്ഞ കൈസരെ അഭയം ചൊല്ലിയതിൽ "പൗലൊസിനു തെറ്റു പറ്റിയോ" എന്നതിനെ "ആവർത്തനം - അല്ലെങ്കിൽ ഓർമ്മിപ്പിക്കൽ" എന്നതിന്റെ നോട്ടുകൾ നോക്കുക. [57]ക്രിസ്ത്യാനികളായിത്തീർന്നവർക്കും പ്രായോഗികത വരുത്താം: ദൈവം അവരെ "മുള്ള്" ഉപയോഗിച്ച് അവരുടെ സേവനം വിപുലമാക്കാൻ - പൗലൊസിനെപോലെ ആഗ്രഹിക്കയാവും.